# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XIII
## (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം
## (SOCIAL SERVICES)

## പീരിയോഡിക്കൽ റിപ്പോർട്ട്
**(2018 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT AS ON 31ST MARCH, 2018)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2018 ജൂൺ 21-ാം തീയതി സമർപ്പിച്ചത്
(Presented on 21st June, 2018)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2018

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XIII
## (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം
## (SOCIAL SERVICES)

# പീരിയോഡിക്കൽ റിപ്പോർട്ട്

**(2018 മാർച്ച് 31 വരെയുള്ളത്)**

## PERIODICAL REPORT AS ON 31ST MARCH, 2018

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1233/2018.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 35 |

# സബ്ജക്ട് കമ്മിറ്റി XIII
## (സാമൂഹ്യസേവനം)
## (2016-2018)
### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗം:

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ,
ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

അംഗങ്ങൾ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. അൻവർ സാദത്ത്

ശ്രീമതി സി. കെ. ആശ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ഒ. ആർ. കേളു

ശ്രീ. എം. മുകേഷ്

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. സി. കെ. ശശീന്ദ്രൻ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി ജി. സുമ കുമാരി, സ്പെഷ്യൽ സെക്രട്ടറി

ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII (2016-2018)-ന്റെ 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി XIII, 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

പതിനാലാം കേരള നിയമസഭയുടെ 2016-2018 കാലയളവിലേയ്ക്കുള്ള സബ്ജക്ട് കമ്മിറ്റി XIII, 2016 ജൂലൈ 7-ാം തീയതിയിലെ ബുള്ളറ്റിൻ നമ്പർ 26 പ്രകാരം 2016 ജൂലൈ 5 മുതൽ പ്രാബല്യത്തിൽ വന്നു.

2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെ സമിതി 8 യോഗങ്ങൾ ചേരുകയുണ്ടായി. 3-4-2017, 17-4-2017 എന്നീ തീയതികളിൽ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയും 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ രണ്ടാമത് റിപ്പോർട്ടിന്റെ കരട് പരിഗണനയും 22-5-2017-ലെ യോഗം 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കണിന്റെ കരട് പരിഗണനയും 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലെ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിഗണനയും ആയി യോഗം ചേർന്നു. 22-8-2017-ലെ യോഗത്തിൽ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. കൂടാതെ എസ്.ആർ.ഒ.കളുടെ സാധൂകരണവും പരിഗണിച്ചു. 15-11-2017-ലെ യോഗത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) അനുസരിച്ചുള്ള വിഷയങ്ങൾ ചർച്ച ചെയ്തു. കൂടാതെ 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന ധനാഭ്യർത്ഥന നമ്പർ XXV-ന്റെ സൂക്ഷ്മപരിശോധന 14-2-2018-ലെ യോഗത്തിലും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ സൂക്ഷ്മപരിശോധന 15-2-2018-ലെ യോഗത്തിലും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് 20-2-2018-ലെ യോഗത്തിലും പരിഗണിച്ചു.

ഈ റിപ്പോർട്ട് 5 ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ റിപ്പോർട്ട് കാലയളവിൽ വിവിധ വിഷയങ്ങൾ സംബന്ധിച്ച സമിതിയുടെ പ്രവർത്തനങ്ങളും രണ്ടാം ഭാഗത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിൽ സർക്കാരിൽനിന്നും ലഭിച്ച മറുപടികളും 3-ാം ഭാഗത്തിൽ കരട്

ചട്ടത്തിന്റെ പരിഗണനയും 4-ാം ഭാഗത്തിൽ എസ്.ആർ.ഒ.കളുടെ സാധൂകരണവും 5-ാം ഭാഗത്തിൽ ചട്ടം 236 (5) പ്രകാരം ഡിലെ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച നടപടി സ്റ്റേറ്റുമെന്റുകളുടെയും ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച ആന്വൽ പെർഫോർമൻസ് റിപ്പോർട്ടുകളുടെയും വിവരങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2018 ജൂൺ...18.-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. കെ. ബാലൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2018 ജൂൺ.18..

# റിപ്പോർട്ട്

## ഭാഗം I

(എ) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും സാമൂഹ്യ സേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ പരിധിയിൽ വരുന്നതുമായ ധനാഭ്യർത്ഥന നമ്പർ XLVI- ധനാഭ്യർത്ഥനയുടെ പരിശോധന 2017 ഏപ്രിൽ 3-ാം തീയതി ചേർന്ന യോഗം പരിഗണിച്ചു.

(ബി) ഇത് സംബന്ധിച്ച കരട് റിപ്പോർട്ട് 2017 ഏപ്രിൽ 17-ാം തീയതിയിലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് 2017 ഏപ്രിൽ 25-ാം തീയതി സഭയിൽ സമർപ്പിച്ചു.

(സി) 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 22-5-2017-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഡി) 2017 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് 22-8-2017-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് 2017 ആഗസ്റ്റ് 23-ാം തീയതി സഭയിൽ സമർപ്പിച്ചു.

(ഇ) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും സാമൂഹ്യ സേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ പരിധിയിൽ വരുന്നതുമായ ധനാഭ്യർത്ഥനകളുടെ പരിശോധന 2018 ഫെബ്രുവരി 14, 15 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ നടത്തുകയുണ്ടായി.

ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

ഇത് സംബന്ധിച്ച കരട് റിപ്പോർട്ട് 2018 ഫെബ്രുവരി 20-ാം തീയതിയിലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് 2018 ഫെബ്രുവരി 26-ാം തീയതി സഭയിൽ സമർപ്പിച്ചു.

(എഫ്) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 എ അനുസരിച്ച് സഭ സമ്മേളിക്കാത്ത അവസരങ്ങളിൽ മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും സബ്ജക്ട് കമ്മിറ്റി യോഗം ചേരേണ്ടതാണെന്നുള്ള നിബന്ധനയുടെ അടിസ്ഥാനത്തിൽ 22-5-2017, 22-8-2017, 15-11-2017 എന്നീ തീയതികളിൽ യോഗം ചേരുകയും പ്രസ്തുത ചട്ടത്തിന്റെ പരിധിയിൽ വരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു.

## ഭാഗം II

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ശിപാർശകളും അവ നടപ്പിലാക്കിയതു സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും 22-5-2017, 22-8-2017, 15-11-2017 എന്നീ തീയതികളിൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

#### ശിപാർശ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന ബാലവാടികളിലെയും ക്രഷുകളിലെയും അധ്യാപകർക്ക് ശമ്പളം നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

#### സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 14886/ഡി3/15/പ.ജ.പ.വ.വി.വ. തീയതി 19-10-2016)

#### ശിപാർശ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്കായി 34-മറ്റ് ചെലവുകൾ എന്നതിൽ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായി 5 ലക്ഷം രൂപയും ഐ.റ്റി.സി.കൾ പ്രവർത്തിക്കുന്ന വാടക കെട്ടിടങ്ങളുടെ വാടക കുടിശ്ശിക വർഷങ്ങളായി നൽകാനുള്ളതിനാൽ വാടക, കരം, നികുതി എന്ന ഇനത്തിൽ 10 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 15 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതത്തിനു പുറമെ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

#### സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 14886/ഡി3/15/പ.ജ.പ.വ.വി.വ. തീയതി 19-10-2016)

ശിപാർശ

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി തിരുവനന്തപുരം ജില്ലയിലെ ചേന്നൻപാറയിൽ ഒരു ഉൽപ്പാദന പരിശീലന കേന്ദ്രം പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സ്ഥാപനം പ്രവൃത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്. ഇതിന്റെ വാടക കുടിശ്ശിക നൽകുന്നതിനാൽ വാടക, കരം, നികുതി എന്ന ഇനത്തിൽ 1 ലക്ഷം രൂപ ആവശ്യമുള്ളതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനു പുറമെ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള തുക അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ 14886/ഡി3/15/പ.ജ.പ.വ.വി.വ. തീയതി 19-10-2016)

ശിപാർശ

ഒരേക്കറിൽ കുറവ് ഭൂമി കൈവശമുള്ള പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി ഉറപ്പാക്കുന്നതിനാവശ്യമായ പദ്ധതിയാണിത്. കൂടാതെ, പട്ടികവർഗ്ഗ വിഭാഗക്കാരെ പുനരധിവസിപ്പിക്കാൻ ആവശ്യമായ തുകയും തുടർ പദ്ധതികൾക്കാവശ്യമായ തുകയും ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് 25 സെന്റ് മുതൽ പരമാവധി ഒരേക്കർ വരെ ഭൂമി വാങ്ങാനുള്ള തുകയും ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. വയനാട് ജില്ലയിൽ നിന്നു മാത്രം 15 കോടി രൂപ ഈ പദ്ധതിക്കായി ആവശ്യപ്പെട്ടിട്ടുണ്ട്. ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 20 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനും ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 25 സെന്റ് മുതൽ ഒരേക്കർ വരെ ഭൂമി വാങ്ങാനുള്ള ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം പദ്ധതിക്കായി 2015-16 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരുന്ന 20 കോടിക്കു പുറമെ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ധനപുനർവിനിയോഗം വഴി 1 കോടി 71 ലക്ഷം രൂപ അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നമ്പർ 14886/ഡി3/15/പ.ജ.പ.വ.വി.വ. തീയതി 19-10-2016)

ശിപാർശ

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച താഴെപ്പറയുന്ന പുതിയ പദ്ധതികളിൽ ശീർഷകം നൽകിയിട്ടില്ലാത്തവയ്ക്ക് ശീർഷകം അനുവദിക്കുകയും ഓരോന്നിനും തുക വകയിരുത്തേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു:

2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കണ്ണൂർ ജില്ലയിലെ ആറളം പുനരധിവാസ മേഖലയിലെയും അട്ടപ്പാടി ആദിവാസി മേഖലയിലെയും അടിസ്ഥാന സൗകര്യ വികസനത്തിനും ഉപജീവനമാർഗ്ഗത്തിനുമായി 5 കോടി രൂപ വകയിരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നതിനായി നബാർഡ്, നാബ്കോൺ എന്നിവയുടെ ഉപദേശക വിഭാഗം ആവശ്യമായ പദ്ധതി തയ്യാറാക്കുന്നതാണ്. ഈ സാഹചര്യത്തിൽ 2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 5 കോടി രൂപയിൽ 4 കോടി രൂപ ആറളം പുനരധിവാസ മേഖലയിലെ അടിസ്ഥാന സൗകര്യവും ഉപജീവനമാർഗ്ഗവും മെച്ചപ്പെടുത്തുന്നതിനും 1 കോടി രൂപ അട്ടപ്പാടി ആദിവാസി മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും ഉപജീവന മാർഗ്ഗത്തിനുമായി പ്രത്യേകം ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

ആറളം പുനരധിവാസ മേഖലയിലും അട്ടപ്പാടി മേഖലയിലും അടിസ്ഥാന സൗകര്യവും ഉപജീവനമാർഗ്ഗവും മെച്ചപ്പെടുത്തുന്നതിനായി സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 14886/ഡി3/15/പ.ജ.പ.വ.വി.വ. തീയതി 19-10-2016)

ശിപാർശ

മറ്റ് സമുദായത്തിൽപ്പെട്ട അർഹതയുള്ള വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക്കുലേഷൻ പഠനസഹായം നൽകുന്നതിനായുള്ള പദ്ധതിയാണിത്. ജി.ഒ.(എംഎസ്.) നമ്പർ 10/2014 തീയതി 23-5-2014 പ്രകാരം പുതുതായി 30 സമുദായങ്ങൾക്ക് ഒ.ഇ.സി. ആനുകൂല്യം അനുവദിച്ചു. ജി.ഒ.(എംഎസ്.)നമ്പർ 6/2014/ബി.സി.ഡി.ഡി. തീയതി 21-2-2014 പ്രകാരം കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾക്കുള്ള പരിധി 42,000 രൂപ എന്നത് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഇക്കാരണങ്ങളാൽ ഈ ശീർഷകത്തിൽ നിന്നും ആനുകൂല്യം നൽകുന്നവരുടെ എണ്ണം വർദ്ധിച്ചു. ഇതു കൂടാതെ കേരളത്തിൽ സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾ കൂടുതലായി ആരംഭിക്കുകയും ടി

സ്ഥാപനങ്ങളിൽ സർക്കാർ മെരിറ്റിലും റിസർവേഷനിലും നിരവധി ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുകയും ചെയ്യ സാഹചര്യത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമാകുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

2225-03-277-99 (പ്ലാൻ) ശീർഷകത്തിൽ 2015-16-ൽ 19.5 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ഈ ശീർഷകത്തിൽ അധികമായി 20 കോടി രൂപ സബ്ജക്ട് കമ്മിറ്റി ശിപാർശ ചെയ്തിരുന്നു. അഡീഷണൽ ഓതറൈസേഷൻ വഴി നോൺപ്ലാനിൽ 40 കോടി രൂപ അധികമായി അനുവദിക്കപ്പെട്ടിട്ടുണ്ടെങ്കിലും പ്ലാൻ ശീർഷകത്തിൽ തുക അനുവദിക്കപ്പെട്ടിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 1678/എ 1/2015/പി.സ.വി.വ. തീയതി 28-10-2016)

<u>ശിപാർശ</u>

മറ്റ് സമുദായത്തിൽപ്പെട്ട അർഹതയുള്ള വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക്കുലേഷൻ പഠനസഹായം നൽകുന്നതിനായുള്ള പദ്ധതിയാണിത്. ജി.ഒ.(എംഎസ്.) നമ്പർ 10/2014 തീയതി 23-5-2014 പ്രകാരം പുതുതായി 30 സമുദായങ്ങൾക്ക് ഒ.ഇ.സി. ആനുകൂല്യം അനുവദിച്ചു. ജി.ഒ.(എംഎസ്.)നമ്പർ 6/2014/ബി.സി.ഡി.ഡി. തീയതി 21-2-2014 പ്രകാരം കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾക്കുള്ള പരിധി 42,000 രൂപ എന്നത് ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഇക്കാരണങ്ങളാൽ ഈ ശീർഷകത്തിൽ നിന്നും ആനുകൂല്യം നൽകുന്നവരുടെ എണ്ണം വർദ്ധിച്ചു. ഇതു കൂടാതെ കേരളത്തിൽ സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾ വൻതോതിൽ ആരംഭിക്കുകയും ടി സ്ഥാപനങ്ങളിൽ സർക്കാർ മെരിറ്റിലും റിസർവേഷനിലും നിരവധി ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുകയും ചെയ്യ സാഹചര്യത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 80 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

2225-03-277-99 (നോൺപ്ലാൻ) ശീർഷകത്തിൽ 88 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. ടി ശീർഷകത്തിൽ അധികമായി 80 കോടി രൂപ കൂടി വകയിരുത്തണമെന്ന വകുപ്പിന്റെ ശിപാർശ സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചിരുന്നു.

ഇതിനായി 2015-16-ലെ ആദ്യബാച്ച് SDG-ൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ധനകാര്യ വകുപ്പിന്റെ നിർദ്ദേശാനുസരണം അഡീഷണൽ ഓതറൈസേഷന് പ്രൊപ്പോസൽ വീണ്ടും സമർപ്പിക്കുകയും 40 കോടി രൂപ അധികമായി അനുവദിക്കുകയും ചെയ്തു.

(സർക്കാർ കത്ത് നമ്പർ 1678/എ 1/2015/പി.സ.വി.വ. തീയതി 28-10-2016)

<u>ശിപാർശ</u>

പിന്നോക്ക സമുദായത്തിൽപ്പെട്ട നിയമബിരുദധാരികളെ ജുഡീഷ്യൽ ഓഫീസർമാരായി ഉയർത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഇവർക്ക് മൂന്നു വർഷത്തേയ്ക്ക് ഗ്രാന്റ് നൽകുന്നു. മുൻ വർഷത്തെ ഗുണഭോക്താക്കൾക്ക് ഗ്രാന്റ് നൽകുന്നതിന് അധികതുക ആവശ്യമുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

പിന്നോക്ക സമുദായത്തിലെ ബിരുദധാരികൾക്ക് പ്രാക്ടീസ് ആരംഭിക്കുന്നതിനായി ആദ്യ മൂന്ന് വർഷം 7500 രൂപ വീതം അനുവദിയ്ക്കുന്ന പദ്ധതിയ്ക്കായി 2015-16-ൽ 12 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. അപേക്ഷകരുടെ എണ്ണവും നൽകാനുള്ള തുകയും കണക്കാക്കി 10 ലക്ഷം രൂപ കൂടി അധികമായി സബ്ജക്ട് കമ്മിറ്റിയിൽ ആവശ്യപ്പെടുകയും കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിരുന്നു. ഇതിനായുള്ള പ്രൊപ്പോസൽ ധനവകുപ്പിന് SDG-യിലും അഡീഷണൽ ഓതറൈസേഷനിലും നൽകിയെങ്കിലും നിലവിലുള്ള സാമ്പത്തിക സ്ഥിതി അനുസരിച്ച് തുക അനുവദിച്ചില്ല. ടി സ്കീമിൽ 2016-17-ൽ വകയിരുത്തിയ തുകയിൽ നിന്ന് കടിശ്ശിക തീർക്കുന്നതിനുള്ള നടപടിയെടുക്കുന്നതാണ്.

(സർക്കാർ കത്ത് നമ്പർ 1678/എ 1/2015/പി.സ.വി.വ. തീയതി 28-10-2016)

<u>ശിപാർശ</u>

ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ പിന്നാക്ക വിഭാഗക്കാരുടെ സാമൂഹ്യ സാമ്പത്തിക ചുറ്റുപാടുകൾ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ കോർപ്പറേഷൻ മറ്റു പിന്നാക്കവിഭാഗക്കാരുടെ ക്ഷേമത്തിനു തകുന്ന വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നതായി സമിതി മനസ്സിലാക്കുന്നു. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നും 110 കോടി രൂപയും ദേശീയ ന്യൂനപക്ഷ വികസന കോർപ്പറേഷനിൽ നിന്നും 50 കോടി രൂപയും പ്രതീക്ഷിക്കുന്നു. തനത് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന വിവിധ വായ്പാ പദ്ധതികൾക്ക്

130 കോടി രൂപ ആവശ്യമുണ്ട്. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ matching contribution ആയ 11 കോടി രൂപയും കോർപ്പറേഷൻ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പദ്ധതികൾക്കായി 13 കോടി രൂപയും കൂടി ആകെ 24 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ 2015-16 സാമ്പത്തിക വർഷത്തിൽ, 110 കോടി രൂപ ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കും 50 കോടി രൂപ ദേശീയ ന്യൂനപക്ഷ വികസന കോർപ്പറേഷൻ (NMDFC) വഴി നടപ്പിലാക്കുന്ന പദ്ധതികൾക്കും 130 കോടി രൂപ കോർപ്പറേഷൻ നേരിട്ട് നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ (KSBCDC)ക്കും ഉൾപ്പെടെ മൊത്തം 290 കോടി രൂപ വായ്പാ വിതരണ ത്തിനായി ലക്ഷ്യമിട്ടിരിക്കുന്നു.

ഇതിൽ സംസ്ഥാന സർക്കാരിന്റെ matching contribution ആയി ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) പദ്ധതി ചെലവിന്റെ 10 ശതമാനമായ 11 കോടി രൂപയും കോർപ്പറേഷന്റെ തനതു ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി ചെലവിന്റെ 13 കോടി രൂപയും ഉൾപ്പെടെ 24 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്താൻ കോർപ്പറേഷൻ നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. എന്നാൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി അനുസരിച്ച് 12.90 കോടി രൂപ മാത്രമെ ബഡ്ജറ്റിൽ അനുവദിക്കാനായുള്ളൂ.

(സർക്കാർ കത്ത് നമ്പർ 1678/എ 1/2015/പി.സ.വി.വ. തീയതി 28-10-2016)

<u>ശിപാർശ</u>

വനിതാ കമ്മീഷൻ ചെയർപേഴ്സണും അംഗങ്ങൾക്കും സംസ്ഥാനത്തിനകത്തും പുറത്തുമായി ധാരാളം ഔദ്യോഗിക യാത്രകൾ ചെയ്യേണ്ടി വരുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 17,60,000 രൂപ അപര്യാപ്തമാണ്. കൂടാതെ ഈ ഇനത്തിൽ 2013-14 സാമ്പത്തിക വർഷത്തിൽ 13.67 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 27.5 ലക്ഷം രൂപയും കടിശ്ശികയുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 50,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല

(സർക്കാർ കത്ത് നമ്പർ 8423/ബി2/2015/സാ.നീ.വ. തീയതി 30-6-2017)

<u>ശിപാർശ</u>

കേരള വനിതാ കമ്മീഷൻ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെയും ചെയർപേഴ്സന്റെ ഔദ്യോഗിക വസതിയുടെയും വാടക നൽകുവാൻ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ അധിക തുകയുടെ ആവശ്യമില്ല.

(സർക്കാർ കത്ത് നമ്പർ 8423/ബി2/2015/സാ.നീ.വ. തീയതി 30-6-2017)

<u>2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്</u>

<u>ശിപാർശ</u>

2015-16-ൽ ഇടുക്കി ജില്ലയിലെ ഉമ്മൻചാണ്ടി കോളനിയിൽ ജലനിധി പദ്ധതി നടപ്പിലാക്കുന്നതിനായി 1.71 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച് ഇ.എൽ.എ.യിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. 2016 ജൂലൈ 8-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വയനാട്ടിൽ 241 സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ടീച്ചർമാരെ നിയമിച്ച് പ്രവർത്തനം വിലയിരുത്തുന്നതിന് കോർപ്പസ് ഫണ്ടിൽ നിന്നും 400 ലക്ഷം രൂപ വകയിരുത്തുന്നതായും പട്ടികവർഗ്ഗ ഊരുകളിൽ അടിസ്ഥാന സൗകര്യം ഉറപ്പുവരുത്തുന്നതിനായി കോർപ്പസ് ഫണ്ടിൽ നിന്നും 2500 ലക്ഷം രൂപ നീക്കി വച്ച് ഒരു പാക്കേജ് പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നതായും പ്രഖ്യാപിച്ചിരുന്നു. ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ഈ സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 29.0171 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഫണ്ട് അനുവദിക്കാൻ സാധിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ 917194/ഇ 2/16/പ.ജ.പ.വ.വി.വ., തീയതി 24-5-2017)

<u>ശിപാർശ</u>

ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പട്ടികവർഗ്ഗ മേഖലയിൽ തൊഴിൽ ലഭ്യമാക്കുകയും അതുവഴി അവർക്ക് വേതനം പണമായും ഭക്ഷ്യധാന്യങ്ങളായും ഈ പദ്ധതി പ്രകാരം നൽകുന്നു. വനത്തിൽ ജീവിക്കുന്ന പ്രാക്തന ഗോത്രവിഭാഗങ്ങളിൽ പോഷകാഹാരക്കുറവ് അനുഭവിക്കുന്ന കുട്ടികൾ, അമ്മമാർ, രോഗികൾ, വൃദ്ധജനങ്ങൾ എന്നിവർക്ക് വേണ്ടത്ര പോഷകാഹാരം ഉറപ്പുവരുത്തുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമേ 5 കോടി രൂപ അധികമായി ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യസഹായ പദ്ധതി നടപ്പിലാക്കുന്നതിന് നടപ്പുവർഷം 25 കോടി രൂപ അനുവദിച്ചിരുന്നു. ടി തുക ഉപയോഗിച്ച് നടപ്പുവർഷം ടി പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുമെന്നതിനാൽ അധികഫണ്ട് ആവശ്യമായി വരുന്നില്ല

(സർക്കാർ കത്ത് നമ്പർ 917194/ഇ 2/16/പ.ജ.പ.വ.വി.വ. തീയതി 24-1-2017)

<u>ശിപാർശ</u>

2015-16 വർഷത്തിൽ മലപ്പുറം ജില്ലയിൽ നിലമ്പൂർ മുനിസിപ്പാലിറ്റിയും പോത്തുകൽ ഗ്രാമപഞ്ചായത്തും സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ച് ഇ.എൽ.എ.-ൽ 1321.81 ലക്ഷം രൂപ പോസ്റ്റ് ചെയ്തിരുന്നു. പട്ടികവർഗ്ഗക്കാരെ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റുന്നതിനായി മൈക്രോപ്ലാനുകൾ നടപ്പിലാക്കുന്നതിനായി 25 കോടി എ.റ്റി.എസ്.പി. എന്ന പദ്ധതിയിലൂടെ കണ്ടെത്തി പി. കെ. കാളൻ കുടുംബ പദ്ധതി എന്ന പേരിൽ പദ്ധതി ആവിഷ്കരിക്കുന്നതാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. അയതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനു പുറമെ ഈ ശീർഷകത്തിൽ 38.2181 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

റീ അപ്രോപ്രിയേഷൻ മുഖേന 6.45 കോടി രൂപ അനുവദിച്ചിരുന്നു. ടി തുക ഉൾപ്പെടെ 156.45 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 917194/ഇ 2/16/പ.ജ.പ.വ.വി.വ., തീയതി 24-5-2017)

ശിപാർശ

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതിയുടെ ധനസഹായം 2.50 ലക്ഷം രൂപയിൽ നിന്നും 3.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരുന്നു. കൂടാതെ ഹഡ്കോ, ഐ.എ.വൈ. മറ്റ് വകുപ്പുകൾ മുഖേന നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതിയുടെ ധനസഹായം 3.50 ലക്ഷം രൂപയായും വർദ്ധിപ്പിച്ച സാഹചര്യത്തിൽ 2015-16 സാമ്പത്തിക വർഷം ഐ.എ.വൈ. പദ്ധതി പ്രകാരം അനുവദിച്ച 9337 വീടുകൾക്ക് ഒരു ലക്ഷം രൂപ നിരക്കിൽ അധികമായി അനുവദിക്കേണ്ടതുണ്ട്. നിലവിൽ വകയിരുത്തിയിട്ടുള്ള തുക ഇതിന് പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 93.37 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഫണ്ട് അനുവദിക്കാൻ സാധിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ 917194/ഇ 2/16/പ.ജ.പ.വ.വി.വ., തീയതി 24-5-2017)

ശിപാർശ

മിശ്രവിവാഹത്തിന് ധനസഹായം നൽകുന്നതിനായി ധാരാളം അപേക്ഷകൾ ലഭിക്കുന്നുണ്ട്. ഈ അപേക്ഷകൾക്ക് അനുസരണം ധനസഹായം നൽകുന്നതിന് 75 ലക്ഷം രൂപയോളം അധികമായി ആവശ്യമാണ്. കൂടാതെ ബാലവാടികളിലെയും ക്രഷറുകളിലെയും അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനും കുട്ടികളുടെ പ്രതിദിന ആഹാര ചെലവിനുമായി 10 ലക്ഷം രൂപ അധികമായി ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 85 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഫണ്ട് അനുവദിക്കാൻ സാധിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ 917194/ഇ 2/16/പ.ജ.പ.വ.വി.വ., തീയതി 24-5-2017)

ശിപാർശ

പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് അനുവദിച്ചിരുന്ന മെസ് ചാർജ്ജ് 50% വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം അന്തേവാസികൾക്ക് ഭക്ഷണത്തിനും ഭക്ഷണേതര ചെലവുകൾക്കുമായി 12 കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ഹോസ്റ്റലുകളിൽ അനുവദനീയമായതിലും അധികം കുട്ടികളെ പ്രവേശിപ്പിക്കേണ്ടിവരുന്നതിനാലും ഈ കുട്ടികളുടെ ആകസ്മിക ചെലവുകൾ കൂടി വഹിക്കേണ്ടതുള്ളതിനാലും നിലവിൽ അനുവദിച്ചിട്ടുള്ള തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തി. ഈ സാഹചര്യത്തിൽ ഗിരിവർഗ്ഗ ഹോസ്റ്റലുകളുടെ സുഗമമായ പ്രവർത്തനത്തിന് 150 ലക്ഷം രൂപ 2225-02-277-94-34 എന്ന ശീർഷകത്തിലും പട്ടികവർഗ്ഗ വികസനവകുപ്പിന് കീഴിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾക്ക് വാടക നൽകുന്നതിനായി 5 ലക്ഷം രൂപ 2225-02-277-94-06 എന്ന ശീർഷകത്തിലും ചേർത്ത് ആകെ 1.55 കോടി രൂപ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖേന 1 കോടി രൂപ അനുവദിക്കുകയും, ടി തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 917194/ഇ 2/16/പ.ജ.പ.വ.വി.വ., തീയതി 24-5-2017)

ശിപാർശ

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വരുന്ന നഴ്സറി സ്കൂളുകളിലെ കുട്ടികളുടെ പ്രതിദിന ആഹാര ചെലവ് 2014-15 സാമ്പത്തിക വർഷം മുതൽ 10 രൂപയിൽ നിന്നും 30 രൂപയായി ഉയർത്തിയിട്ടുണ്ട്. ഈ നിരക്കിൽ നിലവിലുള്ള കുട്ടികൾക്ക് ഭക്ഷണം നൽകുന്നതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 10 ലക്ഷം രൂപ കൂടി അധികമായി വേണ്ടിവരുമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആദ്യ ബാച്ച് എസ്.ഡി.ജി.യിൽ 10 ലക്ഷം രൂപ കണ്ടെത്തുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫണ്ട് അനുവദിച്ചിരുന്നില്ല.

ശിപാർശ

വ്യവസായിക പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനായി 2225-02-277-47-34 എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും ഐ.റ്റി.സി.കൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിന് 2225-02-277-47-06 എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും ചേർത്ത് ആകെ 10 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖേന 2 കോടി രൂപ അനുവദിക്കുകയും, ടി തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 917194/ഇ 2/16/പ.ജ.പ.വ.വി.വ., തീയതി 24-5-2017)

ശിപാർശ

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി തിരുവനന്തപുരം ജില്ലയിലെ ചേന്നൻപാറയിൽ പ്രവർത്തിച്ചു വരുന്ന ഉല്പാദന പരിശീലന കേന്ദ്രത്തിന്റെ വാടക കുടിശ്ശിക അനുവദിക്കുന്നതിലേക്കായി 2225-02-277-46-06 ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 1 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

സ്വീകരിച്ച നടപടി

1,33,000 രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിക്കുകയും, ടി തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 917194/ഇ 2/16/പ.ജ.പ.വ.വി.വ., തീയതി 24-5-2017)

ശിപാർശ

വയനാട് ജില്ലയിലെ സുഗന്ധഗിരിയിൽ വായനശാല സ്ഥാപിക്കുന്നതിന് 2015-16-ൽ ഭരണാനുമതി ലഭിച്ച 8 ലക്ഷം രൂപ ഇ.എൽ.ഐ.-ൽ പോസ്റ്റ് ചെയ്തിരുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 8 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആദ്യ ബാച്ച് എസ്.ഡി.ജി.-ൽ 8 ലക്ഷം രൂപ കണ്ടെത്തുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫണ്ട് അനുവദിച്ചിരുന്നില്ല

(സർക്കാർ കത്ത് നമ്പർ 917963/ഡി3/16/പ.ജ.പ.വ.വി.വ., തീയതി 24-1-2017)

<u>ശിപാർശ</u>

സംസ്ഥാനത്ത് ഭൂരഹിതരായ 12435 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 42 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ടി തുക ഉപയോഗിച്ച് വളരെ കുറച്ച് കുടുംബങ്ങളെ മാത്രമേ പുനരധിവസിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളിൽ 3000 കുടുംബങ്ങളെ നടപ്പ് സാമ്പത്തിക വർഷം പുനരധിവസിപ്പിക്കാൻ ലക്ഷ്യമിടുന്നു. വാസയോഗ്യവും കൃഷിയോഗ്യവുമായ 25 സെന്റ് മുതൽ ഒരേക്കർ വരെ ഭൂമി 1 ലക്ഷം രൂപയിൽ അധികരിക്കാതെ "ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം" എന്ന പദ്ധതി പ്രകാരം വാങ്ങി നൽകുന്നതിനായി 300 കോടി രൂപയോളം ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിരിക്കുന്ന തുക കൂടാതെ 258 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആദ്യ ബാച്ച് എസ്.ഡി.ജി.-ൽ 258 കോടി രൂപ കണ്ടെത്തുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫണ്ട് അനുവദിച്ചിരുന്നില്ല

(സർക്കാർ കത്ത് നമ്പർ 917163/ഡി3/16/പ.ജ.പ.വ.വി.വ., തീയതി 24-1-2017)

<u>ശിപാർശ</u>

ഭവന രഹിത ആദിവാസികൾക്ക് 5000 വീടുകൾ നിർമ്മിച്ചു നൽകുക എന്ന ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിച്ച 135 കോടി രൂപയിൽ ആദ്യഘട്ടമായി 50 കോടി രൂപ 2014-15 സാമ്പത്തിക വർഷത്തിലും രണ്ടാം ഘട്ടമായി 2015-16 സാമ്പത്തിക വർഷം 3952.41 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക ചെലവഴിക്കാൻ കഴിഞ്ഞിരുന്നില്ല. 2016-17 സാമ്പത്തിക വർഷം അഡീഷണൽ ആതറൈസേഷൻ മുഖേന ലഭിച്ച ഈ തുക ക്രമീകരിക്കേണ്ടതുണ്ട്. കൂടാതെ ഈ പദ്ധതിയ്ക്കുള്ള അവസാന ഘട്ട തുകയായി ലഭിക്കാനുള്ള 4547.59 ലക്ഷം രൂപയും 4000 വീടുകൾക്ക് അധികമായി അനുവദിക്കേണ്ട

തുകയായ 400 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 125 കോടി രൂപ ഈ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 125 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

അഡീഷണൽ ആതറൈസേഷൻ മുഖേന 47,25,00,000 രൂപ അനുവദിച്ചിട്ടുണ്ട്, ടി തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 917194/ഇ 2/16/പ.ജ.പ.വ.വി.വ., തീയതി 24-5-2017)

ശിപാർശ

പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക എന്നിവ ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്ക് വേണ്ടി നിലവിലെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ആദ്യ ബാച്ച് എസ്.ഡി.ജി.-ൽ 55 ലക്ഷം രൂപ കണ്ടെത്തുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫണ്ട് അനുവദിച്ചിരുന്നില്ല

(സർക്കാർ കത്ത് നമ്പർ 917163/ഡി3/16/പ.ജ.പ.വ.വി.വ., തീയതി 24-1-2017)

ശിപാർശ

ഈ പദ്ധതിയിൻകീഴിൽ നടപ്പാക്കുന്ന വിവിധ ക്ഷേമ വികസന പ്രവർത്തനങ്ങൾക്കു പുറമെ 2015-16 വർഷത്തിൽ ഇടുക്കി ജില്ലയിൽ ഇടമലക്കുടി കോളനിയിൽ ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന് 17.14 ലക്ഷം രൂപയുടെയും 18 എം.ആർ.എസ്-കളിൽ സയൻസ് പരിശീലന കിറ്റ് പദ്ധതി നടപ്പിലാക്കുന്നതിനായി 44.50 ലക്ഷം രൂപയുടെയും ഭരണാനുമതി ലഭ്യമാക്കി ഇ.എൻ.എ.യിൽ പോസ്റ്റ് ചെയ്തിരുന്നു. ഈ പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 62.04 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

സ്വീകരിച്ച നടപടി

നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഫണ്ട് അനുവദിക്കാൻ സാധിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ 917194/ഇ 2/16/പ.ജ.പ.വ.വി.വ., തീയതി 24-5-2017)

ശിപാർശ

പ്രാക്തന ഗോത്ര വിഭാഗങ്ങളെയും അവരുടെ ചരിത്രം, സംസ്കാരം, ഭാഷ, ആചാരാനുഷ്ഠാനങ്ങൾ, ഭക്ഷണ-വസ്ത്ര സംസ്കാരം, വൈദ്യം, കലകൾ, പാരമ്പര്യ കഴിവുകളും അറിവുകളും എന്നിവയെ സംബന്ധിച്ചുള്ള പഠനങ്ങൾ നടത്തുന്നതിനും ഇത് സംബന്ധിച്ച് മുഖ്യധാര സമൂഹത്തിന് അറിവും മതിപ്പുമുണ്ടാകുന്ന തരത്തിലുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ഗോത്ര വിഭാഗങ്ങളുടെ സവിശേഷ സംസ്കാരത്തെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന വിവിധ പരിപാടികളും പദ്ധതികളും കിർത്താഡ്സ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ആയതിലേയ്ക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11.415 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 11.415 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഫണ്ട് അനുവദിക്കാൻ സാധിച്ചിട്ടില്ല.

2225-80-001-98 ശീർഷകത്തിലെ 2016-17-ലെ ബഡ്ജറ്റ് വിഹിതം 2 കോടി രൂപ പട്ടികവർഗ്ഗക്കാരുടെ പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ ചരിത്രവും സംസ്കാരവും പരിപോഷിപ്പിക്കുന്നതിനും ആ സമുദായത്തിന്റെ ശാക്തീകരണത്തിനും വേണ്ടിയുള്ള വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 917194/ഇ 2/16/പ.ജ.പ.വ.വി.വ., തീയതി 24-5-2017)

ശിപാർശ

23-5-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം പുതുതായി 30 സമുദായങ്ങൾക്ക് ഒ.ഇ.സി. ആനുകൂല്യം അനുവദിച്ചു. കൂടാതെ 21-2-2014-ലെ ഉത്തരവ് പ്രകാരം കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി 42,000 രൂപ എന്നത് ഒരു ലക്ഷമാക്കി ഉയർത്തി. ഇക്കാരണങ്ങളാൽ ഈ ശീർഷകത്തിൽ നിന്ന് ആനുകൂല്യം ലഭിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു. കേരളത്തിൽ വൻതോതിൽ ആരംഭിച്ച

സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ സർക്കാർ മെരിറ്റിലും റിസർവേഷനിലും നിരവധി ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്. ഇവരുടെയെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പൂർണ്ണതോതിൽ നൽകുന്നതിന് നിലവിലുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ ഈ ശീർഷകത്തിൽ 50 കോടി രൂപ പദ്ധതിയിനത്തിലും 150 കോടി രൂപ പദ്ധതിയേതര ഇനത്തിലും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

2225-03-277-99 ഒ.ഇ.സി. പോസ്റ്റ്മെട്രിക് ശീർഷകത്തിൽ 200 കോടി രൂപയുടെ അധിക സഹായത്തിനും, സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ്-ലും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനവകുപ്പിന് സമർപ്പിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ.ഉ. (ആർറ്റി.) നമ്പർ 1391/2017/ധന., തീയതി 20-2-2017-ഉം, സ.ഉ.(ആർറ്റി.) നമ്പർ 2066/2017/ധന., തീയതി 16-3-2017 എന്നിവ പ്രകാരം 70 കോടി രൂപ അധിക ധനസഹായമായി അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 3235/എ 1/16/പി.വി.വി.വ., തീയതി 13-6-2017)

<u>ശിപാർശ</u>

2016-17 മുതൽ ഒ.ഇ.സി. വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായ സാഹചര്യത്തിൽ അധിക നിരക്കിലുള്ള ലംപ്സം ഗ്രാന്റ് നൽകുന്നതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല. ആയതിനാൽ പദ്ധതിയേതര ഇനത്തിൽ ഈ ശീർഷകത്തിൽ അധികമായി 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

2225-03-277-98 ഒ.ഇ.സി. പ്രീമെട്രിക് ശീർഷകത്തിൽ 7 കോടി രൂപയുടെ അധിക സഹായത്തിനും, സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ്-ലും അനുവദിക്കുന്നതിനായി ധനകാര്യ വകുപ്പിന് ശിപാർശ സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ സ.ഉ. (ആർറ്റി.) നമ്പർ 1391/2017/ധന, തീയതി 20-2-2017-ഉം, സ.ഉ.(ആർറ്റി.) നമ്പർ 2066/2017/ധന, തീയതി 16-3-2017 എന്നിവ പ്രകാരം 6 കോടി രൂപ അധിക ധനസഹായമായി അനുവദിച്ചു.

(സർക്കാർ കത്ത് നമ്പർ 3235/എ 1/16/പി.വി.വി.വ., തീയതി 13-6-2017)

ശിപാർശ

എംപ്ലോയിബിലിറ്റി എൻഹാൻസ്മെന്റ് സ്കീമിൽ അപേക്ഷിക്കുന്നവരിൽ 2 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള 94%-ൽ കൂടുതൽ മാർക്കുള്ളവർക്കേ ആനുകൂല്യം അനുവദിക്കുന്നതിന് നിലവിൽ സാധിക്കുന്നുള്ളൂ. 85%-ന് മുകളിൽ മാർക്കുള്ള അപേക്ഷകർക്ക് കൂടി ഈ ആനുകൂല്യം നൽകുന്നതിനായി ഈ ശീർഷകത്തിൽ 405 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

വിഷയനിർണ്ണയ സമിതി ശിപാർശ പ്രകാരം പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകിയെങ്കിലും തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 3235/എ 1/16/പി.വി.വി.വ., തീയതി 13-6-2017)

ശിപാർശ

സംസ്ഥാന ഗവൺമെന്റ് വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, സഹകരണ സ്ഥാപനങ്ങൾ, മറ്റ് സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ സേവന തസ്തികകളിൽ വിവിധ വിഭാഗങ്ങൾക്കുള്ള പ്രാതിനിധ്യം കണ്ടെത്തുന്നതിനായി വെബ്പോർട്ടൽ തുടങ്ങുന്നതിനും കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവരുടെ ക്ഷാമബത്ത, ശമ്പളപരിഷ്കരണ കുടിശ്ശിക എന്നിവയ്ക്കായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 2225-03-800-99-31 എന്ന ശീർഷകത്തിൽ 35 ലക്ഷം രൂപയും 2225-03-800-99-35 എന്ന ശീർഷകത്തിൽ 15 ലക്ഷം രൂപയും ചേർന്ന് ആകെ 50 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

വിഷയനിർണ്ണയ സമിതി ശിപാർശ പ്രകാരം അധിക ധനസഹായത്തിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകിയെങ്കിലും തുക അനുവദിച്ചിട്ടില്ല. എന്നാൽ 17-6-2016-ലെ സ.ഉ.(ആർറ്റി.) നമ്പർ 5353/2016/ധന. പ്രകാരം 1,58,000 രൂപയും 16-2-2017-ലെ സ.ഉ.(ആർറ്റി.) നമ്പർ 1232/2017/ധന. പ്രകാരം 21 ലക്ഷം രൂപയും അഡീഷണൽ ഓതറൈസേഷൻ മുഖേന ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 3235/എ 1/16/പി.വി.വി.വ., തീയതി 13-6-2017)

ശിപാർശ

പിന്നാക്ക സമുദായത്തിലെ നിയമ ബിരുദധാരികളെ ജുഡീഷ്യൽ ഓഫീസർമാരായി ഉയർത്തുന്നതിന് പ്രോത്സാഹനം നൽകുന്ന ഒ.ബി.സി. അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതിയിൽ മുൻവർഷത്തെ ഗുണഭോക്താക്കൾക്ക് ഗ്രാന്റ് നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 12 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

വിഷയനിർണ്ണയ സമിതി ശിപാർശ പ്രകാരം പ്രൊപ്പോസൽ ധനകാര്യ വകുപ്പിന് നൽകിയെങ്കിലും തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 3235/എ 1/16/പി.വി.വി.വ., തീയതി 13-6-2017)

ശിപാർശ

ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാരിലും മറ്റ് ശിപാർശിത വിഭാഗക്കാരിലുമുൾപ്പെട്ട സ്വന്തമായി വീടും സ്ഥലവുമില്ലാത്തവർക്കായി പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രത്യേക പാർപ്പിട പദ്ധതി ആരംഭിക്കുന്നതിന് അധിക തുക അവശ്യമുണ്ടെന്ന് സമിതി വിലയിരുത്തുകയും നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനു പുറമെ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

സ്വീകരിച്ച നടപടി

വിഷയനിർണ്ണയ സമിതി, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷന് പ്രത്യേക പാർപ്പിട പദ്ധതി ആരംഭിക്കുന്നതിന് അധിക തുക ആവശ്യമുണ്ടെന്ന് വിലയിരുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തിരുന്നു. എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിനും തുക വകയിരുത്തുന്നതിനും വിശദമായ പ്രൊപ്പോസൽ കോർപ്പറേഷൻ സമർപ്പിക്കാത്തതിനാൽ ധനകാര്യവകുപ്പ് തുക അനുവദിച്ചിട്ടില്ല

(സർക്കാർ കത്ത് നമ്പർ 3235/എ 1/16/പി.വി.വി.വ., തീയതി 13-6-2017)

ശിപാർശ

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഗുണഭോക്തൃ വൃന്ദത്തിൽപ്പെടുന്ന കേരളത്തിലെ മറ്റു പിന്നാക്ക മതന്യൂനപക്ഷ വിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനായി നിലവിലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ദേശീയ കോർപ്പറേഷനുകളിൽനിന്നും ലഭിക്കുന്ന വായ്പയ്ക്ക് Matching Contribution ഇനത്തിലുള്ള 10% തുക വകയിരുത്തുന്നതിനും ഒ.ബി.സി., ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വിവാഹ ധനസഹായം, സുവർണ്ണശ്രീ, വിദ്യാശ്രീ തുടങ്ങിയ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നതിനും അധിക തുക ആവശ്യമാണ്. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 9 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

സ്വീകരിച്ച നടപടി

അധികതുകയ്ക്കുള്ള ശിപാർശ കേരള സംസ്ഥാന പിന്നാക്ക വിഭാഗവികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ സമർപ്പിക്കാത്തതിനാൽ തുക അനുവദിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 3235/എ 1/16/പി.വി.വി.വ., തീയതി 13-6-2017)

ശിപാർശ

വികലാംഗരായ അന്തേവാസികൾക്കുള്ള ധനസഹായം 1-1-2015 മുതൽ 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ അന്തേവാസികൾക്ക് 1-4-2015 മുതൽ 31-3-2016 വരെയുള്ള കാലയളവിലെ കുടിശ്ശികയായ 1.03 കോടി രൂപയും പി.എച്ച്. ഹോമുകൾക്ക് കുടിശ്ശിക തുകയായ 39.36 ലക്ഷം രൂപയും നൽകുന്നതിന് അധികം തുക ആവശ്യമുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 1.0993 കോടി രൂപ കൂടി നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനു പുറമെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 30)

സ്വീകരിച്ച നടപടി

വികലാംഗരായ അന്തേവാസികൾക്കുള്ള ഗ്രാന്റായി 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 35,47,000 രൂപയ്ക്കു പുറമെ 1,23,25,000 രൂപ ഉപധനാഭ്യർത്ഥനവഴി ലഭിക്കുകയും തുക പൂർണ്ണമായും ഇക്കാര്യത്തിന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 1495925/ഡി3/17/സാ.നീ.വ., തീയതി 20-5-2017)

<u>ശിപാർശ</u>

ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, ഭിന്നവൈകല്യങ്ങൾ എന്നിവ ബാധിച്ചവർക്കുള്ള നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി 500 രൂപ ക്രമത്തിൽ ഒരു ലക്ഷം പേർക്ക് നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 4.9999 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31)

<u>സ്വീകരിച്ച നടപടി</u>

ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, ഭിന്നവൈകല്യങ്ങൾ എന്നിവ ബാധിച്ചവർക്കുള്ള ഇൻഷ്വറൻസ് പദ്ധതിക്ക് 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 1,000 രൂപയ്ക്ക് പുറമെ റീ അപ്രോപ്രിയേഷൻ മുഖേന 21,09,000 രൂപ ലഭിക്കുകയും ഈ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നമ്പർ 1495925/ഡി3/17/സാ.നീ.വ., തീയതി 20-5-2017)

<u>ശിപാർശ</u>

അംഗനവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം യഥാക്രമം 3,400 രൂപയും 1,900 രൂപയുമായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം നൽകുന്നതിനായി ഈ ശീർഷകത്തിൽ നിലവിലുള്ള വിഹിതത്തിനുപുറമെ 141.8192 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 32)

<u>സ്വീകരിച്ച നടപടി</u>

2235-02-102-55—(നോൺ പ്ലാൻ) അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലം (സംസ്ഥാന വിഹിതം) വർദ്ധിപ്പിക്കൽ സ്കീമിൽ 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 2,00,00,01,000 രൂപയ്ക്ക് പുറമെ സപ്ലിമെന്ററി ഗ്രാന്റിലൂടെ അധികമായി 1,25,00,00,000 രൂപ കൂടി ലഭിച്ചിട്ടുണ്ട്. അംഗൻവാടി ജീവനക്കാരുടെ 2016-17 സാമ്പത്തിക വർഷത്തെ ഓണറേറിയം നൽകാൻ പ്രസ്തുത തുക പര്യാപ്തമാണ്.

(സർക്കാർ കത്ത് നമ്പർ 238/ബി2/16/സാ.നീ.വ., തീയതി 21-3-2017)

ശിപാർശ

ചൈൽഡ് റൈറ്റ്സ് കമ്മീഷന്റെ പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി ജില്ലാ ആസ്ഥാനങ്ങൾ തോറും സിറ്റിംഗുകളും അനുബന്ധ പ്രവർത്തനങ്ങളുമായി വിപുലീകരിക്കുന്നതിനും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ തടസ്സം കൂടാതെ നടത്തുന്നതിനു വേണ്ടിയും ചെയർപേഴ്സൺ അടക്കമുള്ള കമ്മീഷൻ അംഗങ്ങളുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളം, മറ്റിനങ്ങൾ, വാടക, കരം, നികുതിയിനം, വാഹനങ്ങളുടെ വാടക എന്നീ ഇനങ്ങളിലും അധികം തുക ആവശ്യമാണ്. കമ്മീഷന്റെ പ്രവർത്തനം പൂർണ്ണ രൂപത്തിൽ തുടങ്ങിയ സാഹചര്യത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ ഈ ശീർഷകത്തിൽ 54 ലക്ഷം രൂപ കൂടി നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 33)

സ്വീകരിച്ച നടപടി

സമിതി 54 ലക്ഷം രൂപ അധികമായി ശിപാർശ ചെയ്തിരുന്നുവെങ്കിലും ഒഴിവുകൾ നികത്തുന്നതിലുള്ള കാലതാമസവും മറ്റും കാരണം പ്രതീക്ഷിച്ചത്ര തുക നോൺ പ്ലാൻ ഇനത്തിൽ ആവശ്യമായി വന്നില്ലെന്ന് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അറിയിക്കുകയും 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

2016-17 സാമ്പത്തിക വർഷം അഡീഷണൽ ആതറൈസേഷൻവഴി പദ്ധതിയേതരയിനത്തിൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന് 8,20,000 രൂപ അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. Wages ₹ 5,00,000 [G.O.(Rt.) No.7965/2016/Fin. Dated 3-10-2016]
2. ₹ 3,20,000 [G.O.(Rt.) No.1137/2017/Fin. Dated 12-2-2017]
   (Tour TA- ₹50,000, Rent rates and Taxes - ₹1,00,000
   P.O.L.-₹20,000, Hire charges of Motor Vehicles - ₹1,50,000)
   (സർക്കാർ കത്ത് നമ്പർ 986277/എ 2/16/സാ.നീ.വ., തീയതി 5-5-2017)

ശിപാർശ

സാമൂഹ്യക്ഷേമ ബോർഡിന്റെ ഭരണചെലവുകൾക്കും ചെയർപേഴ്സന്റെ ഓണറേറിയത്തിനും ബോർഡ് ജീവനക്കാർക്കും പെൻഷൻകാർക്കും പത്താം ശമ്പള പരിഷ്കരണം നടപ്പാക്കേണ്ടതുൾപ്പെടെയുള്ള ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം തികച്ചും

അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 42.5376 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 34)

സ്വീകരിച്ച നടപടി

2016-17 വർഷത്തെ ഉപധനാഭ്യർത്ഥന പരിഗണിക്കുന്നതിനുള്ള സമയപരിധി കഴിഞ്ഞതിനുശേഷമാണ് സാമൂഹ്യക്ഷേമ ബോർഡിൽനിന്നും സമിതി ശിപാർശ പ്രകാരമുള്ള തുക അനുവദിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ ലഭ്യമായത്. ആയതിനാൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞില്ല.

(സർക്കാർ കത്ത് നമ്പർ സി1/325/17/സാ.നീ.വ., തീയതി 22-5-2017)

ശിപാർശ

കേരള വനിതാ കമ്മീഷൻ ചെയർപേഴ്സണും അംഗങ്ങൾക്കും 2016 മാർച്ച് വരെ ഏകദേശം 66 ലക്ഷം രൂപ യാത്രാബത്ത കുടിശ്ശികയുള്ളതായി സമിതി മനസ്സിലാക്കുന്നു. ടി കുടിശ്ശിക നൽകുന്നതിനും 2016-17 സാമ്പത്തിക വർഷത്തെ യാത്രാബത്ത നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 35)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ബി2/237/16/സാ.നീ.വ., തീയതി 22-5-2017)

ശിപാർശ

കേരളത്തിലെ സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തി അവ ആർജ്ജിക്കുന്നതിന് പ്രാപ്തരാക്കുന്ന REACH (റിസോഴ്സ് എൻഹാൻസ്മെന്റ് അക്കാഡമി ഫോർ കരിയർ ഹൈറ്റ്സ്)-ന്റെ ഉപകേന്ദ്രങ്ങൾ മറ്റ് ജില്ലകളിൽകൂടി സ്ഥാപിക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 30 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

<u>സ്വീകരിച്ച നടപടി</u>

കണ്ണൂരും തിരുവനന്തപുരത്തും പ്രവർത്തിച്ചുവരുന്ന REACH കേന്ദ്രങ്ങളുടെ നടത്തിപ്പ് ചെലവിനായി ബഡ്ജറ്റ് വിഹിതമായ 125 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ കൂടി REACH ഉപകേന്ദ്രങ്ങളുടെ ഭാഗമായി ക്ലാസ്സ് റൂമുകൾ സജ്ജമാക്കുന്ന വിഷയം പഞ്ചായത്തുകളുമായി ചർച്ച ചെയ്തിരുന്നെങ്കിലും തുടർനടപടികൾ ആയിട്ടില്ല. ആയതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക 2016-17 സാമ്പത്തിക വർഷം ആവശ്യമായി വന്നിട്ടില്ല.

(സർക്കാർ കത്ത് നമ്പർസി1/325/17/സാ.നീ.വ., തീയതി 22-5-2017)

<u>ശിപാർശ</u>

ജെൻഡർ പാർക്കിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ജോലികൾ പൂർത്തിയാക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 371.34 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 37)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ അധിക തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ ബി2/237/16/സാ.നീ.വ., തീയതി 22-5-2017)

<u>ശിപാർശ</u>

വിധവകളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കും ബിരുദാനന്തരമുള്ള ഉന്നത വിദ്യാഭ്യാസത്തിനും നൽകുന്ന ധനസഹായ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1350 പേർക്ക് 10,000 രൂപ ക്രമത്തിൽ നൽകേണ്ടതുണ്ട്. ഇതിനായി 135 ലക്ഷം രൂപ ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 134.99 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 38)

<u>സ്വീകരിച്ച നടപടി</u>

വിധവകളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കും ഉന്നത വിദ്യാഭ്യാസത്തിനും നൽകുന്ന ധനസഹായ പദ്ധതി 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 10,000 രൂപയ്ക്കു പുറമെ 134.99 ലക്ഷം രൂപയ്ക്ക് അഡീഷണൽ ആതറൈസേഷന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ഫണ്ട് ലഭിച്ചില്ല. എന്നാൽ 2235-02-103-92 (പി)

ശീർഷകത്തിലെ write up പ്രകാരം വനിതകൾ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് ധനസഹായം എന്ന സ്കീമിൽ ഉൾപ്പെടുത്തി ടി തുക പൂർണ്ണമായും ഇക്കാര്യത്തിന് ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 83/എ 4/16/സാ.നീ.വ., തീയതി 22-5-2017)

ശിപാർശ

5 ജില്ലകളിൽ പുതിയ ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കുന്നതിനും ഷെൽട്ടർ ഹോം സ്റ്റാഫിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതിനും ഷെൽട്ടർ ഹോമിലെ താമസക്കാർക്ക് വൊക്കേഷണൽ/ഒക്യുപേഷണൽ തെറാപ്പി നൽകുന്നതിനും ലൈംഗികാതിക്രമങ്ങൾക്ക് വിധേയരായവർക്ക് തൽസമയസഹായധനം വിതരണം ചെയ്യുന്നതിനുള്ള കോർപ്പസ് ഫണ്ടിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 783.09 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 39)

സ്വീകരിച്ച നടപടി

നിർഭയ പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 3,00,00,000 രൂപയ്ക്ക് പുറമേ വാഹന വാടകയിനത്തിൽ 1,00,000 രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന 6,39,000 രൂപയും ലഭിച്ചിട്ടുള്ളതും ടി തുകകൾ പൂർണ്ണമായി ചെലവഴിച്ചിട്ടുള്ളതുമാണ്.

(സർക്കാർ കത്ത് നമ്പർ ബി2/237/16/സാ.നീ.വ., തീയതി 22-5-2017)

ശിപാർശ

ശമ്പളപരിഷ്കരണം നടപ്പിലാകുമ്പോൾ പ്രതീക്ഷിക്കുന്ന അധിക ചെലവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ശ്രീ ചിത്രാഹോമിന് വകയിരുത്തിയിരുന്ന 54 ലക്ഷം രൂപയിൽ 32.5 ലക്ഷം രൂപ ശമ്പളത്തിനായി അനുവദിച്ചിട്ടുണ്ട്. നിലവിൽ ശ്രീ ചിത്രാഹോമിൽ ശമ്പളപരിഷ്കരണം നടപ്പായിട്ടില്ല.

(സർക്കാർ കത്ത് നമ്പർ സി1/325/17/സാ.നീ.വ., തീയതി 22-5-2017)

<u>ശിപാർശ</u>

അനാഥാലയങ്ങളിലെ അന്തേവാസികൾക്കുള്ള പ്രതിമാസ ഗ്രാന്റ് 1-1-2015 മുതൽ 1,000 രൂപയായി വർദ്ധിപ്പിച്ചതിനാൽ ഗ്രാന്റ്-ഇൻ-എയ്ഡിന് അർഹരായ 28811 അന്തേവാസികൾക്ക് 1-4-2015 മുതൽ 31-3-2016 വരെയുള്ള കാലയളവിലുള്ള ഗ്രാന്റ് നൽകുന്നതിനും ഓർഫനേജ് ഗ്രാന്റിന്റെ കുടിശ്ശിക നൽകുന്നതിനുമായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 19.9005 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 41)

<u>സ്വീകരിച്ച നടപടി</u>

അനാഥാലയങ്ങളിലെ അന്തേവാസികൾക്കുള്ള ഗ്രാന്റിനായി 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 16,89,50,000 രൂപയ്ക്ക് പുറമേ 11,43,10,000 രൂപ ഉപ ധനാഭ്യർത്ഥനവഴി ലഭിക്കുകയും തുക പൂർണ്ണമായും ഇക്കാര്യത്തിന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സി1/325/17/സാ.നീ.വ., തീയതി 22-5-2017)

<u>ശിപാർശ</u>

യാചക കേന്ദ്രങ്ങളിലെ അന്തേവാസികൾക്കുള്ള പ്രതിമാസ ഗ്രാന്റ് 1,000 രൂപയായി സർക്കാർ വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ 1-4-2015 മുതൽ 31-3-2016 വരെയുള്ള കാലയളവിലെ 520 അന്തേവാസികൾക്ക് ഗ്രാന്റ് നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 23.55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 42)

<u>സ്വീകരിച്ച നടപടി</u>

യാചക കേന്ദ്രങ്ങളിലെ അന്തേവാസികൾക്കുള്ള ഗ്രാന്റിനായി 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 38,85,000 രൂപയ്ക്ക് പുറമേ 41,10,000 രൂപ ഉപ ധനാഭ്യർത്ഥനവഴി ലഭിക്കുകയും തുക പൂർണ്ണമായും ഇക്കാര്യത്തിന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സി1/325/17/സാ.നീ.വ., തീയതി 22-5-2017)

ശിപാർശ

അനാഥാലയ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി ഉൾപ്പെടെ 7 ജീവനക്കാരുടെ വേതനം കൂടാതെ 40 കൗൺസിലർമാർ, ചെയർമാൻ, 14 ബോർഡംഗങ്ങൾ എന്നിവരുടെ ഓണറേറിയം ചെയർമാന്റെ കാർ അലവൻസ്, അംഗങ്ങളുടെ ടി.എ., സിറ്റിംഗ് ഫീ എന്നിവയും വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം മേൽ ആവശ്യങ്ങൾക്ക് പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 93.39 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 43)

സ്വീകരിച്ച നടപടി

അനാഥാലയ നിയന്ത്രണ ബോർഡിന്റെ ആവശ്യത്തിലേക്കായി 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 35,17,000 രൂപയ്ക്ക് പുറമേ 42,68,000 രൂപ ധനപുനർവിനിയോഗംവഴി ലഭിക്കുകയും തുക പൂർണ്ണമായും ഇക്കാര്യത്തിന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സി1/325/17/സാ.നീ.വ., തീയതി 22-5-2017)

ശിപാർശ

സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്കുള്ള ഗ്രാന്റ് പ്രതിമാസം 1,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ അർഹരായ 8775 അന്തേവാസികൾക്ക് 1-4-2015 മുതൽ 31-3-2016 വരെയുള്ള കാലയളവിലെ ഗ്രാന്റ് നൽകുന്നതിനും മുൻവർഷത്തെ ഇമ്പിയും കൊടുക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 986.26 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 44)

സ്വീകരിച്ച നടപടി

സന്നദ്ധ സംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലെ ആവശ്യത്തിലേക്കായി 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 2,92,70,000 രൂപയ്ക്ക് പുറമേ 7,18,74,000 രൂപ ഉപധനാഭ്യർത്ഥനവഴി ലഭിക്കുകയും തുക പൂർണ്ണമായും ഇക്കാര്യത്തിന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സി1/325/17/സാ.നീ.വ., തീയതി 22-5-2017)

<u>ശിപാർശ</u>

എറണാകുളം കാക്കനാട് കളക്ടറേറ്റിന് സമീപം കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷന്റെ അധീനതയിലുള്ള സ്ഥലത്ത് ഒരു വ്യാപാര സമുച്ചയം പണിയുന്നതിനും സംരംഭകത്വ മേഖലയിലേക്ക് കടന്നുവരുന്ന വനിതകൾക്ക് പ്രവർത്തന മേഖലയിൽ കൂടുതൽ കഴിവ് തെളിയിക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായവും ബിസിനസ്സ് വളർത്തുന്നതിനാവശ്യമായ വിദഗ്ധ ഉപദേശവും മറ്റ് അനുബന്ധ സംവിധാനങ്ങളും ഉൾപ്പെടുത്തി വാണിജ്യ മേഖലയിൽ വനിതകൾക്ക് അവരുടെ അഭിരുചി തെളിയിക്കുവാനുള്ള സംവിധാനം ഒരുക്കുന്നതിനും കോർപ്പറേഷൻ ലക്ഷ്യമിടുന്നു. ഈ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള വിഹിതത്തിനു പുറമെ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സ്വീകരിച്ച നടപടി</u>

കേരള സംസ്ഥാന വനിതാവികസന കോർപ്പറേഷൻ ആരംഭിയ്ക്കുവാൻ ഉദ്ദേശിക്കുന്ന അന്താരാഷ്ട്ര വനിതാ വാണിജ്യ സമുച്ചയത്തെക്കുറിച്ച് സാദ്ധ്യതാപഠനം നടത്തുന്നതിനായി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 22-3-2017-ലെ സ.ഉ.(സാധാ.) നമ്പർ 174/2017/സാ.നീ.വ. പ്രകാരം സാദ്ധ്യതാ പഠനം പൂർത്തിയായിട്ടില്ല. ആയതിനാൽ സമിതി ശിപാർശ ചെയ്ത അധിക തുക ആവശ്യമായി വന്നിട്ടില്ല.

(സർക്കാർ കത്ത് നമ്പർ സി1/325/17/സാ.നീ.വ., തീയതി 22-5-2017)

<u>ശിപാർശ</u>

വികലാംഗർക്ക് ഇലക്ട്രോണിക് വീൽചെയർ സൗജന്യമായി വിതരണം ചെയ്യുന്നതിനും 'സ്വവലംബൻ' ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കുന്നതിനും ഭിന്നശേഷിക്കാരുടെ സൗകര്യത്തിനായി കേരളത്തിലുടനീളം ജില്ലാ ഓഫീസുകൾ തുടങ്ങുന്നതിനും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ കലാകായിക ശേഷികൾ പരിപോഷിപ്പിക്കുന്നതിന് വേണ്ടി ഭിന്നശേഷി മേള സംഘടിപ്പിക്കുന്നതിനും പദ്ധതിയിനത്തിലും, കോർപ്പറേഷന്റെ ഭരണചെലവുകൾക്കും സർക്കാരിലേയ്ക്ക് നൽകാനുള്ള ഗ്യാരന്റി കമ്മീഷൻ കുടിശ്ശിക നൽകുന്നതിനും കേരള ഹൗസിംഗ് ബോർഡിന് വാടക കുടിശ്ശിക നൽകുന്നതിനും കോഴിക്കോട് റീജിയണൽ ഓഫീസിന് അനുവദിച്ച 3 പുതിയ തസ്തികകളിൽ ശമ്പളം നൽകുന്നതിനും പദ്ധതിയേതരയിനത്തിലും നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിനേക്കാൾ അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 12.74 കോടി രൂപ പദ്ധതിയിനത്തിലും 75 ലക്ഷം രൂപ പദ്ധതിയേതരയിനത്തിലും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

സ്വീകരിച്ച നടപടി

പദ്ധതിയിനത്തിൽ അധിക തുക അനുവദിച്ചിട്ടില്ല.

പദ്ധതിയേതരയിനത്തിലുള്ള ചെലവുകൾക്കായി 7.23 ലക്ഷം രൂപ അധിക റീ-അപ്രോപ്രിയേഷനിലൂടെ അനുവദിക്കുകയും പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 1495925/ഡി3/17/സാ.നീ.വ., തീയതി 22-5-2017)

ശിപാർശ

വികലാംഗ കമ്മീഷണറേറ്റിൽ ദിവസവേതന വ്യവസ്ഥയിലുള്ള ജീവനക്കാർക്കുള്ള വേതനം നൽകുന്നതിന് കൂടുതൽ തുക ആവശ്യമായതിനാലും കമ്മീഷന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുകയും ഇന്ധന ചെലവിനത്തിൽ അനുവദിച്ചിട്ടുള്ള തുകയും അപര്യാപ്തമായതിനാലും ഈ ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ ആകെ 5.1 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 47)

സ്വീകരിച്ച നടപടി

അധിക തുക അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 1495925/ഡി3/17/സാ.നീ.വ., തീയതി 22-5-2017)

ശിപാർശ

സമാശ്വാസം പദ്ധതി ആനുകൂല്യത്തിന് അർഹരായ നിലവിലുള്ള 4855 ഗുണഭോക്താക്കൾക്കും നടപ്പുവർഷം പുതുതായി പ്രതീക്ഷിക്കുന്ന 6250 ഗുണഭോക്താക്കൾക്കും പ്രതിമാസ ധനസഹായം അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല ആയതിനാൽ ഈ ശീർഷകത്തിൽ 10.9563 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 48)

സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷത്തിൽ അധിക തുക ഈ ശീർഷകത്തിൽ അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. 7203 ഗുണഭോക്താക്കൾക്ക് ധനസഹായമായി 565 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സി1/325/17/സാ.നീ.വ., തീയതി 22-5-2017)

<u>ശിപാർശ</u>

ശയ്യാവലംബികളായ നിത്യരോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണ് ആശ്വാസകിരണം. ഈ പദ്ധതിയിൽ നിലവിൽ 72353 ഗുണഭോക്താക്കളാണുള്ളത്. നടപ്പു വർഷത്തിൽ 30000 ഗുണഭോക്താക്കളെക്കൂടി പുതുതായി പ്രതീക്ഷിക്കുന്നു. മുഴുവൻ ഗുണഭോക്താക്കൾക്കും ധനസഹായം നൽകുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ ഈ ശീർഷകത്തിൽ 21.6941 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

<u>സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായ 32 കോടി രൂപയ്ക്ക് പുറമെ 15 കോടി രൂപ ഉപധനാഭ്യർത്ഥനയിലൂടെ ലഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സി1/325/17/സാ.നീ.വ., തീയതി 22-5-2017)

<u>ശിപാർശ</u>

സമൂഹത്തിന്റെയോ ബന്ധുക്കളുടെയോ കൂട്ടുകാരുടെയോ കൂടെ വീടുകളിൽ കഴിയുന്ന അനാഥരായ കുട്ടികൾക്ക് പഠിക്കുന്നതിന് ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതിയിൽ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് തുകയ്ക്ക് പുറമെ ഈ ശീർഷകത്തിൽ 32.2925 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

<u>സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായ 18 കോടി രൂപയ്ക്ക് പുറമെ 20 കോടി രൂപ ഉപധനാഭ്യർത്ഥനയിലൂടെ ലഭിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ സി1/325/17/സാ.നീ.വ., തീയതി 22-5-2017)

<u>ശിപാർശ</u>

മാനസീക വെല്ലുവിളി നേരിടുന്ന വ്യക്തികൾക്ക് വേണ്ടിയുള്ള സാമൂഹ്യ മനഃശാസ്ത്ര സേവനം മാനസിക രോഗം ബാധിച്ച് അലഞ്ഞുതിരിഞ്ഞു നടക്കുന്നവരെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ഭവനങ്ങൾ നടത്തുന്നതിന് സഹായം സംരക്ഷിക്കുന്ന ഒരു ഭവനത്തിന് 16,52,400 രൂപ സർക്കാർ വിഹിതവും 11,01,600 രൂപ എൻ.ജി.ഒ.

വിഹിതവും കണക്കായിട്ടുണ്ട്. ഇപ്രകാരമുള്ള 19 യൂണിറ്റുകളിലായി 950 അന്തേവാസികൾക്ക് ഗ്രാന്റ് കൊടുക്കുന്നതിനും മുൻ വർഷത്തെ കുടിശ്ശിക കൊടുക്കുന്നതിനും പുതുതായി ഗ്രാന്റ്-ഇൻ-എയ്ഡിൽ ഉൾപ്പെടുത്താനുള്ള 12 യൂണിറ്റുകൾക്കും കൂടി ഈ സാമ്പത്തിക വർഷം അധിക ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 6.4016 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 51)

<u>സ്വീകരിച്ച നടപടി</u>

മാനസിക രോഗം ബാധിച്ച് അലഞ്ഞുതിരിഞ്ഞു നടക്കുന്നവരെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ഭവനങ്ങൾ നടത്തുന്നതിന് സഹായം നൽകുന്നതിന് 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിരുന്ന 3,00,00,000 രൂപയ്ക്ക് പുറമെ 1,04,87,000 രൂപ ഉപ ധനാഭ്യർത്ഥനവഴി ലഭിക്കുകയും തുക പൂർണ്ണമായും ഇക്കാര്യത്തിന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 1495925/ഡി3/17/സാ.നീ.വ., തീയതി 20-5-2017)

<u>ശിപാർശ</u>

ദുർഗുണ പരിഹാര പാഠശാല (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ജയിൽ വകുപ്പിന് അനുവദിച്ച തുക 1,70,19,000 രൂപയാണ്. ദുർഗുണ പരിഹാര പാഠശാലയിലെ അന്തേവാസികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും മരുന്നുകളുടെയും ആഹാരസാധനങ്ങളുടെയും മറ്റ് ദൈനംദിന സാധനങ്ങളുടെയും വിലയിലും ഇന്ധന ചെലവിലും ഉണ്ടായ വർദ്ധനവും കണക്കാക്കുമ്പോൾ നിലവിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 52)

<u>സ്വീകരിച്ച നടപടി</u>

2016-17 സാമ്പത്തിക വർഷം 2235-02-106-98-ദുർഗുണ പരിഹാര പാഠശാല (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 1,70,19,000 രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നത്. ഇതിനുപുറമേ 15,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും ദുർഗുണ പരിഹാര പാഠശാലയിലെ അന്തേവാസികളുടെ എണ്ണത്തിലുണ്ടായ കുറവുമൂലം അധിക തുക ആവശ്യമായി വന്നില്ല. എന്നാൽ യാത്രാ ചെലവുകൾക്കായി വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ

04 ഡീറ്റൈൽഡ് ഹെഡിൽ (2235-02-106-98-04-01 NP) മാത്രമാണ് അധിക തുക ആവശ്യമായി വന്നത്. ആയതിനാൽ യാത്രാ ബത്ത ഇനത്തിൽ 6-1-2017 തീയതിയിലെ ധനകാര്യ വകുപ്പിന്റെ സ.ഉ.(സാധാ.) നമ്പർ 94/17/ധന. പ്രകാരം 60,000 രൂപ അധികമായി അനുവദിച്ചു. ആയത് ചേർത്ത് ആകെ ബഡ്ജറ്റ് വിഹിതം 1,70,79,000 രൂപ ആയിട്ടുണ്ടെങ്കിലും ചെലവുകളിൽ വന്ന കുറവുമൂലം ആകെ 1,35,34,585 രൂപ മാത്രമേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ആയതിനാൽ മറ്റ് ഡീറ്റൈൽഡ് ഹെഡുകളിൽ അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ ജയിൽ വകുപ്പ് സമർപ്പിച്ചിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ ബി2/50/17/ആഭ്യന്തരം, തീയതി 20-5-2017)

## ശിപാർശ

രണ്ടാം ലോകമഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും നൽകിവരുന്ന സാമ്പത്തിക സഹായം യഥാക്രമം 1,500 രൂപയിൽ നിന്നും 4,000 രൂപയായും 750 രൂപയിൽ നിന്നും 2,500 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാലും 2016 മാർച്ച് മാസം വരെ വിതരണം ചെയ്യാനുണ്ടായിരുന്ന കുടിശ്ശിക നൽകേണ്ടതിനാലും നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 508.62 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 53)

## സ്വീകരിച്ച നടപടി

ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 2,60,00,000 രൂപ 2016-17 സാമ്പത്തിക വർഷത്തെ ചെലവിന് അപര്യാപ്തമായതിനാൽ 4,92,04,000 രൂപയുടെ അധികച്ചെലവിനുള്ള അനുമതിക്കായി സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചു.

18-10-2016-ലെ ജി.ഒ.(ആർടി.) നമ്പർ 8229/2016/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ 4,92,04,000 രൂപയുടെ അധികച്ചെലവിനുള്ള അനുമതി നൽകി.

ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 2,60,00,000 രൂപയും അധികച്ചെലവിന് അനുമതി ലഭിച്ച 4,92,04,000 രൂപയും ഉൾപ്പെടെ ആകെ ഉണ്ടായിരുന്ന 7,52,04,000 രൂപയിൽ നിന്നും 7,42,05,477 രൂപ 2016-17 സാമ്പത്തിക വർഷത്തെ ധനസഹായം കുടിശ്ശിക ഇല്ലാതെ വിതരണം ചെയ്യുന്നതിനും 2016 മാർച്ച് മാസം വരെ വിതരണം ചെയ്യാനുണ്ടായിരുന്ന കുടിശ്ശിക വിതരണം ചെയ്യുന്നതിനായി ചെലവായി.

(സർക്കാർ കത്ത് നമ്പർ എസ്.ഡബ്ല്യു2/16/17/പൊ.ഭ.വ., തീയതി 20-5-2017)

## 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

ശിപാർശ

പട്ടികജാതിക്കാർക്കുള്ള കടിശ്ശിക വായ്പ നിവാരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കടം എഴുതിത്തള്ളൽ പദ്ധതിക്കായി സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുന്നതിനുള്ള 88 കോടി രൂപ റീ അപ്രോപ്രിയേഷൻ മുഖേന അനുവദിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പട്ടികജാതിക്കാർക്കുള്ള കടിശ്ശിക വായ്പ നിവാരണ പദ്ധതി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 88 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

പട്ടികജാതിക്കാർക്കുള്ള കടിശ്ശിക വായ്പാനിവാരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കടം എഴുതിത്തള്ളൽ പദ്ധതിക്ക് ധനസഹായം നൽകുന്നതുമായി ബന്ധപ്പെട്ട് 21-3-2017-ലെ സ. ഉ.(സാധാ.) നമ്പർ 2279/2017/ധന. നമ്പർ ഉത്തരവ് പ്രകാരം 88.54 കോടി രൂപ, ധനപുനർവിനിയോഗംവഴി അനുവദിച്ച് റിലീസ് ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 1504654/സി1/17/പ.ജ.പ.വ.വി.വ. തീയതി 31-7-2017)

ശിപാർശ

2235-02-106-98—ദുർഗുണപരിഹാര പാഠശാല (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ജയിൽ വകുപ്പിന് അനുവദിച്ച തുക 17,65,000 രൂപയാണ്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കിയതോടുകൂടി ജയിലുകളിൽ ബി.പി.എൽ. നിരക്കിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റേഷൻ പൂർണ്ണമായും നിർത്തലാക്കിയതിനാൽ മാർക്കറ്റ് വിലയിൽ റേഷൻ സാധനങ്ങൾ വാങ്ങേണ്ടിവരുന്നതിനാലും മറ്റ് ദൈനംദിന പദാർത്ഥങ്ങളുടെയും വിലയിലുണ്ടാകുന്ന വർദ്ധനവും കണക്കാക്കുമ്പോൾ പ്രധാനമായും ഭക്ഷണത്തിന്റെ ചെലവ് വഹിക്കുന്ന "56 ഭക്ഷണവും ധനസഹായവും" എന്ന ശീർഷകത്തിൽ അധിക തുക അനുവദിക്കേണ്ടത് ആവശ്യമാണെന്ന് സമിതി വിലയിരുത്തി. നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 40)

<u>സ്വീകരിച്ച നടപടി</u>

2017-18 സാമ്പത്തിക വർഷം 2235-02-106-98—ദുർഗുണ പരിഹാര പാഠശാല (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ 1,77,65,000 രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നത്. "2235-02-106-98—ദുർഗുണ പരിഹാര പാഠശാല - 56 ഭക്ഷണവും ധനസഹായവും (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് അഡീഷണൽ ഓതറൈസേഷൻ മുഖേന അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ ജയിൽ വകുപ്പ് സമർപ്പിക്കേണ്ടതാണ്.

(സർക്കാർ കത്ത് നമ്പർ ബി2/249/2017/ആഭ്യന്തര വകുപ്പ് തീയതി 10-10-2017)

<u>ഭാഗം III</u>

**കരട് ചട്ടത്തിന്റെ പരിഗണന**

I. കേരള പട്ടികജാതി വികസന സബോർഡിനേറ്റ് സ്പെഷ്യൽ റൂൾ - ഭേദഗതി വരുത്തിയതു സംബന്ധിച്ച കേരള പട്ടികജാതി വികസന സബോർഡിനേറ്റ് സ്പെഷ്യൽ റൂൾ (special rules for the Kerala Scheduled Caste Development Subordinate Service) സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

II. കിർത്താഡ്സ് ക്യുറേറ്റർ തസ്തികയുടെ യോഗ്യത സംബന്ധിച്ച സ്പെഷ്യൽ റൂൾ - 2017 ഭേദഗതികളോടെ സമിതി അംഗീകരിച്ചു.

<u>ഭാഗം IV</u>

**എസ്.ആർ.ഒ.കളുടെ സാധൂകരണം**

I. കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതി ശിശുസൗഹൃദ കോടതിയായി പുറപ്പെടുവിച്ച വിജ്ഞാപനം സമിതി സാധൂകരിച്ചു.
(S.R.O.No. 121/2017)

II. സാമൂഹ്യനീതി വകുപ്പിന് കീഴിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി കളിലെയും ജൂവനൈൽ ജസ്റ്റിസ് ബോർഡുകളിലെയും മെമ്പർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം സമിതി സാധൂകരിച്ചു.
(S.R.O.No. 110/2017)

## ഭാഗം V

### I. ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതിനുശേഷം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളിച്ച കൊണ്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതിനുശേഷം 33, 34 എന്നീ ഖണ്ഡികകളിലെ ശിപാർശയിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ 23-8-2017-ന് സഭയിൽ സമർപ്പിച്ചു. കൂടാതെ 55-ാം ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 6-2-2018-ന് സഭയിൽ സമർപ്പിച്ചു.

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളിച്ച കൊണ്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതിനുശേഷം 23 മുതൽ 29 വരെയുള്ള ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ.കെ. ബാലൻ 6-2-2018-ന് സഭയിൽ സമർപ്പിച്ചു.

### II. ചട്ടം 236(6) പ്രകാരമുള്ള ആന്വൽ പെർഫോർമൻസ് റിപ്പോർട്ടുകൾ

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പട്ടികജാതി വികസന വകുപ്പിന്റെ 2015-16-ലെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട്, ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി 22-8-2017-ന് സഭയുടെ മേശപ്പുറത്ത് വച്ചു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ആഭ്യന്തര വകുപ്പിന്റെ 2014-15-ലെ അന്വൽ പെർഫോർമൻസ് റിപ്പോർട്ട് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 20-3-2018-ന് സഭയുടെ മേശപ്പുറത്ത് വച്ചു.

തിരുവനന്തപുരം,
2018 ജൂൺ 18.

എ. കെ. ബാലൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

അനുബന്ധം

## 2017 ഏപ്രിൽ 3-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2017 ഏപ്രിൽ 3-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ എക്സ്-ഒഫിഷ്യോ അംഗവും, ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ശ്രീമതി കെ.കെ. ശൈലജ ടീച്ചറുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീമതി സി. കെ. ആശ, എം.എൽ.എ.
2. ശ്രീ. യു. ആർ. പ്രദീപ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. വി.ജി. റിജു, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. സത്യജിത്ത് രാജൻ, പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
2. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
3. ശ്രീമതി സുമന എൻ. മേനോൻ, സെക്രട്ടറി, പൊതുഭരണം (സൈനികക്ഷേമം), അച്ചടിയും സ്റ്റേഷനറിയും വകുപ്പ്
4. ശ്രീമതി എസ്. ദീപാദേവി, സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
5. ശ്രീമതി ടി. വി. അനുപമ, ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
6. ശ്രീമതി ആർ. ഷീലാറാണി, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്
7. ശ്രീമതി കെ. എം. ലീലാമണി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
8. ശ്രീ. എ. റ്റി. ജയിംസ്, ലാന്റ് റവന്യൂ കമ്മീഷണർ
9. ശ്രീമതി കെ. ഷൈലശ്രീ, മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ
10. ശ്രീമതി എസ്. സിന്ധു, മെമ്പർ സെക്രട്ടറി, അനാഥാലയ നിയന്ത്രണ ബോർഡ്
11. ശ്രീ. എ. ഷിബു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

12. ശ്രീ. എം. കെ. രമേശൻ, ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്

13. ശ്രീ. ആർ. അമ്പാടി, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന മുന്നോക്ക ക്ഷേമ കോർപ്പറേഷൻ

14. ശ്രീ. പത്മകുമാർ, സെക്രട്ടറി-ഇൻ-ചാർജ്ജ്, കേരള സംസ്ഥാന സൈനിക ക്ഷേമ ബോർഡ്

15. ശ്രീമതി വി. ശോഭ, ജനറൽ മാനേജർ, കേരള സംസ്ഥാന മുന്നോക്ക ക്ഷേമ കോർപ്പറേഷൻ

16. ശ്രീ. കെ. മൊയ്തീൻ കുട്ടി, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന അംഗപരിമിത ക്ഷേമ കോർപ്പറേഷൻ

17. ശ്രീമതി വി. സി. ബിന്ദു, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

18. ശ്രീ. എസ്. നിഷാന്ത്, റീജിയണൽ ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ

19. ഡോ. സാമുവൽ എൻ. മാത്യു, എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ് & നിപ്മർ

20. ശ്രീ. വി. സത്യൻ, ജോയിന്റ് ഡയറക്ടർ, ട്രഷറി വകുപ്പ്

21. ശ്രീമതി കെ. കെ. ഉഷ, സൂപ്രണ്ട്, ശ്രീചിത്രാ ഹോം.

ജനങ്ങൾക്ക് ആശ്വാസം പകരാനുതകുന്ന ധാരാളം പദ്ധതികളും സ്കീമുകളുമുള്ള വിപുലമായ ഒരു വകുപ്പാണ് സാമൂഹ്യനീതി വകുപ്പെങ്കിലും നിലവിലുള്ള സാമൂഹ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുതകുന്ന രീതിയിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കേണ്ടതുണ്ടെന്നും സോഷ്യൽ സെക്യൂരിറ്റി മിഷൻ, സാമൂഹ്യനീതി വകുപ്പ്, ഭിന്നശേഷി വിഭാഗ കോർപ്പറേഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വിപുലീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഇത്തരം പ്രവർത്തനങ്ങൾക്ക് അനുഗുണമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് നിലവിൽ സമൂഹത്തിൽ പൊതുവെയുള്ള ആശങ്കകളും പ്രശ്നങ്ങളും പരിഹരിക്കാനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി കൊണ്ടുള്ളതാവണം സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനങ്ങളെന്നും സമിതി അഭിപ്രായപ്പെട്ടു. തുടർന്ന് സമിതി 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന ധനാഭ്യർത്ഥന നമ്പർ XLVI പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയുമുണ്ടായി.

# ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

## സാമൂഹ്യനീതി വകുപ്പ്

2235-02-103-80—<u>ജെൻഡർ പാർക്ക്</u>

ബഡ്ജറ്റ് വിഹിതം : 11,00,00,000 രൂപ (പ്ലാൻ)

ജെൻഡർ പാർക്കിന്റെ കോഴിക്കോട്ടുള്ള ക്യാമ്പസിന്റെ ഒന്നാം ഘട്ട നിർമ്മാണം M/S ഊരാലുങ്കൽ ലേബർ കോപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചിരുന്നു. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമാവുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 6.54 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

'ജെൻഡർ പാർക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുക, പൂർത്തിയായ പ്രവൃത്തി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങുന്ന ഒരു ഡീറ്റെയ്ൽഡ് സ്റ്റഡി റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കുവാൻ വകുപ്പ് സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

2235-60-200-72(02)—<u>കേരള സാമൂഹ്യ സുരക്ഷാ പദ്ധതി—തീവ്രമായ ശാരീരിക—മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടിവരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം</u> (ആശ്വാസ കിരണം)

ബഡ്ജറ്റ് വിഹിതം : 40,00,00,000 രൂപ (പ്ലാൻ)

ശയ്യാവലംബികളായ നിത്യരോഗികളെ പരിപാലിക്കുന്ന സ്ത്രീകൾക്ക് പ്രതിമാസം 600 രൂപ നിരക്കിൽ വരുമാനത്തിന് അനുബന്ധ സഹായമെന്ന നിലയിൽ ധനസഹായം നൽകുന്ന ആശ്വാസകിരണം പദ്ധതി പ്രകാരം നിലവിലുള്ള 80500 ഗുണഭോക്താക്കൾക്കും 2017-18 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന 30,000 ഗുണഭോക്താക്കൾക്കും ധനസഹായം നൽകുന്നതിന് നിലവിലുള്ള വിഹിതത്തിനു പുറമെ അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 39.56 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2235-60-200-72(11)—<u>കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-സ്നേഹപൂർവ്വം</u>

ബഡ്ജറ്റ് വിഹിതം : 20,00,00,000 രൂപ (പ്ലാൻ)

സമൂഹത്തിന്റെയോ ബന്ധുക്കളുടെയോ കൂട്ടുകാരുടെയോ കൂടെ വീട്ടുകളിൽ കഴിയുന്ന അനാഥരായ കുട്ടികൾക്ക് ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതി പ്രകാരം 2015-16 വർഷത്തിലെ അപേക്ഷകരിൽ 12364 പേർക്കും, 2016-17 വർഷത്തിലെ അപേക്ഷകരിൽ 17059 പേർക്കും ധനസഹായം നൽകുന്നതിനും, ഈ സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന അപേക്ഷകർക്ക് ധനസഹായം നൽകുന്നതിനും കൂടി നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമാവുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 36.027 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2235-60-200-72 (21)—<u>പ്രമേഹം ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യസുരക്ഷാ പദ്ധതി</u>

ബഡ്ജറ്റ് വിഹിതം : 2,00,00,000 രൂപ (പ്ലാൻ)

കേരളത്തിൽ ജുവനൈൽ ഡയബറ്റിക്സ് ബാധിച്ച കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കുട്ടിയുടെ ജീവിതത്തിൽ തുടർന്നുണ്ടാകുന്ന വൈകല്യങ്ങൾ പ്രതിരോധിക്കാൻ കൃത്യമായ ആരോഗ്യ സാമൂഹിക പരിരക്ഷ ആവശ്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ നിലവിലെ ബഡ്ജറ്റ് തുകയ്ക്കു പുറമെ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-101-96—<u>പുനരധിവാസ കേന്ദ്രങ്ങളിൽ പരിശീലനം നേടുന്ന ശാരീരിക വൈകല്യം സംഭവിച്ച വ്യക്തികൾക്കുള്ള സ്റ്റൈപ്പന്റ്</u>

ബഡ്ജറ്റ് വിഹിതം - 3,00,000 രൂപ (നോൺ പ്ലാൻ)

തിരുവനന്തപുരത്തും കോഴിക്കോട്ടും സാമൂഹ്യനീതി വകുപ്പ് നേരിട്ട് നടത്തുന്ന പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നേടുന്ന വാർഷിക വരുമാനം 24,000 രൂപയിൽ കുറവുള്ള വികലാംഗരായ കുട്ടികൾക്ക് പ്രതിമാസം നൽകി വരുന്ന സ്റ്റൈപ്പന്റ് 1000 രൂപയായി ഉയർത്തുന്നതിനും പരിശീലനാർത്ഥികൾക്ക് പ്രതിമാസം 300 രൂപ ക്രമത്തിൽ യാത്രാചെലവ് അനുവദിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ല. ആയതിനാൽ 1.68 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2235-02-104-89—<u>അനാഥാലയ നിയന്ത്രണ ബോർഡ്</u>

ബഡ്ജറ്റ് വിഹിതം : 39,98,000 രൂപ (നോൺ പ്ലാൻ)

അനാഥാലയ നിയന്ത്രണ ബോർഡ് മെമ്പർ സെക്രട്ടറി ഉൾപ്പെടെ 7 ജീവനക്കാരുടെ വേതനവും കൂടാതെ 40 കൗൺസിലർമാർ, ചെയർമാൻ, 14 ബോർഡ് അംഗങ്ങൾ എന്നിവർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം, ചെയർമാന്റെ കാർ അലവൻസ്,

അംഗങ്ങളുടെ ടി.എ., സിറ്റിംഗ് ഫീ എന്നിവയും നൽകുന്നതിലേയ്ക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 1.5857 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2235-60-200-72—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി

ബഡ്ജറ്റ് വിഹിതം : 3,15,00,000 രൂപ (നോൺ പ്ലാൻ)

സമാശ്വാസം പദ്ധതിയിൽ നിലവിലുള്ള 6605 ഗുണഭോക്താക്കൾക്കും ഈ സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിക്കുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമാവുകയില്ല ആയതിനാൽ ഈ ശീർഷകത്തിൽ 9.1528 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2235-02-103-99—സാമൂഹ്യക്ഷേമ ബോർഡ്—അംശദാനം

ബഡ്ജറ്റ് വിഹിതം : 83,30,000 രൂപ (നോൺ പ്ലാൻ)

സാമൂഹ്യക്ഷേമ ബോർഡിന്റെ 2017-18 വർഷത്തെ ഭരണചെലവുകൾക്കും ചെയർപേഴ്സന്റെ ഓണറേറിയത്തിനുമായി ബോർഡിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന വിഹിതം 1,19,81,000 രൂപയാണ്. ഇതിനുപുറമെ 2014-15 വർഷത്തേയ്ക്ക് ബോർഡിന്റെ ഭരണ ചെലവുകൾക്കായി കേന്ദ്ര ബോർഡ് അംഗീകരിച്ച റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരമുള്ള 6,74,000 രൂപയും 2014-15, 2015-16 എന്നീ വർഷങ്ങളിൽ ബോർഡ് ചെയർപേഴ്സന് ഓണറേറിയം നൽകിയ വകയിൽ ചെലവായ 3,84,000 രൂപ ഉൾപ്പെടെ 10,58,000 രൂപ സർക്കാർ വിഹിതമായി ബോർഡിന് നൽകാനുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. കൂടാതെ 2017-18 വർഷത്തിൽ ബോർഡ് ജീവനക്കാർക്കും പെൻഷൻകാർക്കും സർക്കാർ പ്രഖ്യാപിച്ച പത്താം ശമ്പള/പെൻഷൻ പരിഷ്കരണം നടപ്പാക്കേണ്ടതുൾപ്പെടെയുള്ള അധിക സാമ്പത്തിക ചെലവു കൂടി വരുമെന്നുള്ളതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 47.09 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2235-02-103-95(04)-1—സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷൻ—യാത്രാചെലവുകൾ—യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : 23,00,000 രൂപ (നോൺ പ്ലാൻ)

കേരള വനിതാ കമ്മീഷൻ ചെയർപേഴ്സനും അംഗങ്ങൾക്കുമുള്ള യാത്രാബത്ത കുടിശ്ശിക തീർക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 27 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സംസ്ഥാന വനിതാ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ച് ഒരു അവലോകനം നടത്തുന്നതിനും സമിതി തീരുമാനിച്ചു.

2235-02-102-53—ചൈൽഡ് റൈറ്റ് കമ്മീഷൻ

ബഡ്ജറ്റ് വിഹിതം : 3,41,80,000 രൂപ (നോൺ പ്ലാൻ)

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ചതിന്റെ ഭാഗമായി ജില്ലാ ആസ്ഥാനങ്ങൾ തോറും സിറ്റിംഗുകളും അനുബന്ധ പ്രവർത്തനങ്ങളും നടത്തുന്നതിനും കമ്മീഷനിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ തടസ്സം കൂടാതെ നടത്തുന്നതിനും കമ്മീഷൻ ചെയർപേഴ്സൺ, മെമ്പർമാർ, സെക്രട്ടറി, രജിസ്ട്രാർ, മറ്റു ഉദ്യോഗസ്ഥർ എന്നിവരുടെ ശമ്പളം നൽകുന്നതിനും, കൂടാതെ വാടക, കരം, നികുതി, വാഹനങ്ങളുടെ വാടക, യാത്രാബത്ത എന്നീ ഇനങ്ങളിലെ ചെലവുകൾ വഹിക്കുന്നതിനും അധിക തുക ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 40 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അവലോകന യോഗം ചേർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനും സമിതി തീരുമാനിച്ചു.

2235-02-190-98—കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 7,00,00,000 രൂപ (പ്ലാൻ)

27,50,000 രൂപ (നോൺ പ്ലാൻ)

അംഗപരിമിതരായ ലോട്ടറി ഏജന്റുമാർക്ക് ധനസഹായം നൽകുന്നതിനും സർക്കാർ സ്ഥാപനങ്ങൾക്കും മറ്റും ആവശ്യമായ അച്ചടികൾ നടത്തി വരുന്ന സൗഭാഗ്യ പ്രിന്റിംഗ് പ്രസ്സിലെ കാലഹരണപ്പെട്ട അച്ചടി യന്ത്രവും മറ്റു അനുബന്ധ സാമഗ്രികളും നവീകരിക്കുന്നതിനും ഭിന്നശേഷിക്കാർക്കായി ഈ സാമ്പത്തിക വർഷം 5 ജില്ലകളിൽ കൂടി 'സാഫല്യം വയോജന കേന്ദ്രം' ആരംഭിക്കുന്നതിനുമായി പദ്ധതിയിനത്തിലും, വികലാംഗക്ഷേമ കോർപ്പറേഷന്റെ ഭരണ ചെലവുകൾക്കും കേരളാ ഹൗസിംഗ് ബോർഡിന് വാടകയിനത്തിലുള്ള കുടിശ്ശിക നൽകുന്നതിനും കോഴിക്കോട് റീജിയണൽ ഓഫീസിന് അനുവദിച്ച 3 പുതിയ തസ്തികകളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുമായി പദ്ധതിയേതരയിനത്തിലും നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിച്ചു. ആയതിനാൽ ഈ ശീർഷകത്തിൽ 2.1 കോടി രൂപ പദ്ധതിയിനത്തിലും 72.5 ലക്ഷം രൂപ പദ്ധതിയേതരയിനത്തിലും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

2235-02-104-99—<u>ശ്രീചിത്രാഹോം സഹായധനം</u>

ബഡ്ജറ്റ് വിഹിതം : 75,01,000 രൂപ (നോൺ പ്ലാൻ)

ശ്രീചിത്രാഹോം ജീവനക്കാരുടെ പേ-റിവിഷൻ ആനുകൂല്യങ്ങൾ നടപ്പിലാക്കി ശമ്പളം നൽകുന്നതിനും കുട്ടികളുടെ താമസത്തിനായുള്ള ബഹുനില കെട്ടിടത്തിന്റെ പണി ഈ വർഷം തന്നെ ആരംഭിക്കുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമാവുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 2.149 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

2235-02-190-99—<u>കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ</u>

ബഡ്ജറ്റ് വിഹിതം : 8,10,00,000 രൂപ (പ്ലാൻ)

വനിതകൾക്ക് സ്വയംതൊഴിൽ വായ്പ നൽകുന്നതിനും കോർപ്പറേഷൻ മുഖേന നടത്തി വരുന്ന വനിതാ ഉദ്യോഗസ്ഥർക്കായുള്ള ഹോസ്റ്റൽ സൗകര്യം കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായും ആദിവാസി മേഖലകളിലെ വനിതകൾക്കായുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എന്ന പദ്ധതി നടപ്പിലാക്കുന്നതിനുമായി അധിക തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 3.13 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2235-02-103-96—<u>വിധവകളുടെ പെൺകുട്ടികൾക്ക് വിവാഹത്തിനുള്ള ധനസഹായം</u>

എന്ന ശീർഷകത്തിൽ കഴിഞ്ഞ വർഷം 13760 പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായമായി 30,000 രൂപ വീതം കൊടുത്തിരുന്നു. ധനസഹായമായി കൊടുക്കുന്ന 30,000 രൂപ പര്യാപ്തമല്ലാത്തതിനാൽ ധനസഹായ തുക 50,000 രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

കേരള സംസ്ഥാന വനിതാ കമ്മീഷൻ, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച് അവലോകനം ചെയ്യുന്നതിനായി സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുന്നതിന് തീരുമാനിച്ചു.

**ആഭ്യന്തര വകുപ്പ്**

2235-02-106-98—<u>ദുർഗുണ പരിഹാര പാഠശാല</u>

ബഡ്ജറ്റ് വിഹിതം : 1,77,65,000 രൂപ (നോൺ പ്ലാൻ)

ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കിയതോടുകൂടി ജയിലുകളിൽ ബി.പി.എൽ. നിരക്കിൽ ലഭിച്ചുകൊണ്ടിരിക്കുന്ന റേഷൻ പൂർണ്ണമായും നിർത്തലാക്കിയതിനാൽ മാർക്കറ്റ് വിലയിൽ റേഷൻ സാധനങ്ങൾ വാങ്ങേണ്ടിവരുന്നതിനാലും മറ്റു ദൈനംദിന പദാർത്ഥങ്ങളുടെയും വിലയിലുണ്ടാകുന്ന വർദ്ധനവും കണക്കാക്കുമ്പോൾ പ്രധാനമായും ഭക്ഷണത്തിന്റെ ചെലവു വഹിക്കുന്ന " 56 ഭക്ഷണവും ധനസഹായവും" എന്ന ശീർഷകത്തിൽ അധിക തുക അനുവദിക്കേണ്ടത് ആവശ്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ഇത്തരം എല്ലാ സ്ഥാപനങ്ങളിലും ഈ പ്രശ്നമുണ്ടോയെന്ന് സമിതി ആരാഞ്ഞപ്പോൾ ആഭ്യന്തര വകുപ്പിനു കീഴിലുള്ള ജയിലുകളും അനുബന്ധ സ്ഥാപനങ്ങളും സോഷ്യൽ വെൽഫെയർ സ്കീമിൽ ഉൾപ്പെടുന്നതല്ലെന്നും ഓർഫനേജുകളും മറ്റ് സ്ഥാപനങ്ങളുമുൾപ്പെടെയുള്ള 1761 സ്ഥാപനങ്ങളിലെ 60708 അന്തേവാസികൾക്ക് ഒരാൾക്ക് 5 കിലോ അരി, 2 കിലോഗ്രാം ഗോതമ്പ് എന്ന അളവിൽ ഭക്ഷ്യ ധാന്യങ്ങൾ നൽകുന്ന ഇന്ത്യാ ഗവൺമെന്റിന്റെ ഈ സ്കീം പ്രകാരം വിമൺ ആന്റ് ചൈൽഡ് മിനിസ്ട്രിയാണ് ഫണ്ട് അടയ്ക്കുന്നതെന്നും അല്ലാതെ ഫുഡ് ആന്റ് സിവിൽ സപ്ലൈസ് മിനിസ്ട്രി അല്ലായെന്നും 2015-16 വർഷം മുതൽ ഹാഫ് ഇയർലി ലഭിക്കേണ്ടതിന്റെ പകുതി വച്ചാണ് ഭക്ഷ്യധാന്യം ലഭിക്കുന്നതെന്നും ഫുഡ് സെക്യൂരിറ്റി ആക്ട് വരുന്നതിനു മുൻപ് ഈ സ്ഥാപനങ്ങൾക്കെല്ലാം എ.പി.എൽ. പെർമിറ്റ് നൽകിയിരുന്നുവെന്നും ഫുഡ് സെക്യൂരിറ്റി ആക്ടിനുശേഷം വ്യക്തിഗത റേഷൻ വിഹിതം തിട്ടപ്പെടുത്തുകയായിരുന്നുവെന്നും ആയതിനാൽ ആഭ്യന്തര വകുപ്പിനു കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹു. മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ഈ സ്ഥാപനങ്ങളിലെ വ്യക്തിഗത കാർഡുള്ളവർക്ക് റേഷൻ വിഹിതം നൽകണമെന്നും അവർ സ്ഥാപനത്തിൽ നിന്നും വിട്ടുപോകുന്ന അവസരത്തിൽ അവരുടെ പേര് കുടുംബത്തിലെ റേഷൻ കാർഡിനോടൊപ്പം ഉൾപ്പെടുത്തണമെന്നുമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

**പൊതുഭരണ വകുപ്പ്**

2235-60-107-98—<u>സ്വാതന്ത്ര്യ സമര ഭടന്മാരുടെ അപേക്ഷകൾ പരിശോധിക്കുന്നതിനു വേണ്ടിയുള്ള സംസ്ഥാനതല ഉപദേശക സമിതി</u>

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

സ്വാതന്ത്ര്യ സമര ഭടന്മാരുടെ അപേക്ഷകൾ പരിശോധിക്കുന്ന സംസ്ഥാനതല/ജില്ലാതല അംഗങ്ങൾക്ക് യാത്രാബത്തയും ദിനബത്തയും നൽകുന്നതിന് ഈ ശീർഷകത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനു പുറമെ 14,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ദൈനംദിന ചെലവുകൾ വർദ്ധിച്ചു വരുന്ന ഇക്കാലത്ത് വിധവകളുടെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായത്തിന് നിലവിൽ അനുവദിക്കുന്ന 30,000 രൂപ പര്യാപ്തമല്ലായെന്ന് സമിതി വിലയിരുത്തുകയും പ്രസ്തുത ധനസഹായം 50,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് ധന വകുപ്പിനോട് ആവശ്യപ്പെടുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകി.

സമിതി യോഗം വൈകുന്നേരം 3.40-ന് പിരിഞ്ഞു.

## 2017 ഏപ്രിൽ 17-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2017 ഏപ്രിൽ 17-ാം തീയതി തിങ്കളാഴ്ച രാവിലെ 10.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ശ്രീമതി കെ. കെ. ശൈലജ ടീച്ചറും താഴെപ്പറയുന്ന അംഗവും ഹാജരായിരുന്നു:

ഹാജരായ അംഗം :

ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി.

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന ധനാഭ്യർത്ഥന നമ്പർ XXV-ൽ പട്ടികവികസന വകുപ്പുമായി ബന്ധപ്പെട്ട 20-ാം ഖണ്ഡികയ്ക്ക് ശേഷം വരുന്ന സമിതി നിർദ്ദേശത്തിൽ 4-ാമത്തെയും 7-ാമത്തെയും വരിയിൽ പറഞ്ഞിട്ടുള്ള 25% എന്നുള്ളത് 52% എന്നാക്കി മാറ്റുന്നതിന് നിർദ്ദേശിച്ചു.

സമിതിയോഗം രാവിലെ 11.00 മണിയ്ക്ക് പിരിഞ്ഞു.

## 22-5-2017-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2017 മേയ് 22-ാം തീയതി തിങ്കളാഴ്ച നിയമസഭാ സമ്മേളനത്തിനുശേഷം (വൈകുന്നേരം 3.55-ന്) നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ ഹാജരായിരുന്നു:

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.
2. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
3. ശ്രീ. ഒ. ആർ. കേളു, എം.എൽ.എ.
4. ശ്രീ. എം. മുകേഷ്, എം.എൽ.എ.
5. ഡോ. എം. കെ. മുനീർ, എം.എൽ.എ.
6. ശ്രീ. യു. ആർ. പ്രദീപ്, എം.എൽ.എ.
7. ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി സുമന എൻ. മേനോൻ, സെക്രട്ടറി, പൊതുഭരണം, സൈനികക്ഷേമം, അച്ചടിയും സ്റ്റേഷനറിയും വകുപ്പ്.
2. ശ്രീമതി മിനി ആന്റണി, സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
3. ഡോ. പി. പുകഴേന്തി, ഡയറക്ടർ, പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റ്
4. ശ്രീ. കെ. ടി. ബാലഭാസ്കരൻ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നോക്കസമുദായ വികസന കോർപ്പറേഷൻ

5. ശ്രീമതി ആർ. ഷീലാ റാണി, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്

6. ശ്രീമതി സി. ശോഭനകുമാരി, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

7. ശ്രീ. ജോർജ്ജ് ചാക്കോ, രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്കസമുദായ കമ്മീഷൻ.

8. ശ്രീ. ജോൺസൺ തോമസ്, ജോയിന്റ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.

9. ശ്രീ. ആർ. പ്രസന്നൻ, ജോയിന്റ് ഡയറക്ടർ, പട്ടികജാതി പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റ്

10. ശ്രീ. ഒ. എം. അശോകൻ, സീനിയർ ഫിനാൻസ് ഓഫീസർ, പട്ടികവർഗ്ഗ വികസന വകുപ്പ്

11. ശ്രീ. എൻ. ഹരി, സെക്രട്ടറി, കേരള ബാലാവകാശ കമ്മീഷൻ

12. ശ്രീ. എച്ച്. ഗോപകുമാർ, ഐ. ജി., പ്രിസൺസ്.

I. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന ഒന്നാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

(ഫയൽ നമ്പർ 4411/സബ്.സി.ജി2/16/ നി.സെ.)

**പട്ടികവർഗ്ഗ വികസന വകുപ്പ്**

ഖണ്ഡിക നമ്പർ 9, 14, 17, 18, 20

**സാമൂഹ്യനീതി വകുപ്പ്**

ഖണ്ഡിക നമ്പർ 30, 31, 32, 33, 34, 35, 36, 37, 38, 39, 40, 41, 42, 43, 44, 45, 46, 47, 48, 49, 50, 51

**ആഭ്യന്തര വകുപ്പ്**

ഖണ്ഡിക നമ്പർ 52

**പൊതുഭരണ വകുപ്പ്**

ഖണ്ഡിക നമ്പർ 53

II. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന അഞ്ചാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശിപാർശകളിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 3296/സബ്.സി.ജി2/15/ നി. സെ.)

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്**

ഖണ്ഡിക നമ്പർ 8, 12, 13, 16, 19, 22, 23, 24, 25

III. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയും ചെയ്തു.

റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഇതുവരെ നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്ത പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, കിർത്താഡ്സ്, പിന്നോക്ക സമുദായ വികസനം എന്നീ വകുപ്പുകൾ നടപടി സ്റ്റേറ്റുമെന്റ് എത്രയുംവേഗം ലഭ്യമാക്കണമെന്നും സഭയിൽ ഡിലേ സ്റ്റേറ്റ്മെന്റ് സമർപ്പിക്കേണ്ടുന്ന സാഹചര്യം ഒഴിവാക്കണമെന്നും ബന്ധപ്പെട്ട വകുപ്പുകളോട് സമിതി ചെയർമാൻ നിർദ്ദേശിച്ചു

സമിതിയോഗം വൈകുന്നേരം 4.15- ന് പിരിഞ്ഞു.

## 2017 ആഗസ്റ്റ് 22-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2017 ആഗസ്റ്റ് 22-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം (ഉച്ചയ്ക്ക് 12.00 മണിയ്ക്ക്) നിയമസഭാ സമുച്ചയത്തിലെ '5-ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.
2. ശ്രീ. ഒ. ആർ. കേളു, എം.എൽ.എ.
3. ശ്രീ. എം. മുകേഷ്, എം.എൽ.എ.

4. ശ്രീ. യു. ആർ. പ്രദീപ്, എം.എൽ.എ.

5. ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി.

2. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>:

1. ശ്രീമതി മിനി ആന്റണി, സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

2. ശ്രീമതി കെ. ഷൈലശ്രീ, മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ.

3. ശ്രീ. ബി. വിജയകുമാർ, ഫിനാൻസ് ഓഫീസർ, കേരള വനിതാ കമ്മീഷൻ.

കരട് ചട്ടം, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് എന്നിവ പരിഗണിക്കുന്നതിനായുള്ള പ്രസ്തുത യോഗത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസനം, നിയമം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഹാജരാകാത്തതിനാൽ പ്രസ്തുത വകുപ്പ് സെക്രട്ടറിമാരിൽ നിന്നും വിശദീകരണം ആരായുന്നതിനും വിഷയം ബഹു. സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും സമിതി തീരുമാനിച്ചു. തുടർന്ന് സമിതി കരട് ചട്ടം, എസ്.ആർ.ഒ.യുടെ സാധൂകരണം, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ്, പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ താഴെപ്പറയും പ്രകാരം പരിഗണനയ്ക്കെടുത്തു:

I. കരട് ചട്ടത്തിന്റെ പരിഗണന

കേരള പട്ടികജാതി വികസന സബോർഡിനേറ്റ് സ്പെഷ്യൽ റൂൾ - ഭേദഗതി വരുത്തുന്നതു സംബന്ധിച്ച്.
(ഫയൽ നമ്പർ1929/സബ്.സി.ജി2/17/നി.സെ.)

ഭേദഗതി വരുത്തിയതു സംബന്ധിച്ച കേരള പട്ടികജാതി വികസന സബോർഡിനേറ്റ് സ്പെഷ്യൽ റൂൾ (special rules for the Kerala Scheduled Caste Development Subordinate Service) സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

II. എസ്.ആർ.ഒ.കളുടെ സാധൂകരണം

1. കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതി ശിശുസൗഹൃദ കോടതിയായി പുറപ്പെടുവിച്ച വിജ്ഞാപനം സമിതി സാധൂകരിച്ചു.

   എസ്.ആർ.ഒ. നമ്പർ 121/2017

   (ഫയൽ നമ്പർ 1859/സബ്.സി.ജി2/17/നി.സെ.)

2. സാമൂഹ്യനീതി വകുപ്പിന് കീഴിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റികളിലെയും ജുവനൈൽ ജസ്റ്റിസ് ബോർഡുകളിലെയും മെമ്പർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള സെലക്ഷൻ കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം സമിതി സാധൂകരിച്ചു.
എസ്.ആർ.ഒ. നമ്പർ110/2017
(ഫയൽ നമ്പർ 1417/സബ്.സി.ജി2/17/നി.സെ.)

III.

1. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:
(ഫയൽ നമ്പർ 4411/സബ്.സി.ജി2/16/നി.സെ.)
ശിപാർശ നമ്പർ 8, 10, 11, 12, 13, 15, 16, 19, 21, 22

2. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ സാമൂഹ്യനീതി വകുപ്പിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:
(ഫയൽ നമ്പർ 3296/സബ്.സി.ജി2/15/നി.സെ.)
ശിപാർശ നമ്പർ 33, 34

IV. 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികളൊന്നുമില്ലാതെ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു (ഫയൽ നമ്പർ 2663/സബ്.സി.ജി2/17/നി.സെ.)

സമിതി യോഗം ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

## 15-11-2017-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2017 നവംബർ 15-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ മന്ദിരത്തിലെ 610-ാം നമ്പർ മുറിയിൽ സമിതി ചെയർമാനും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറും സമിതി അംഗം ശ്രീ. ഒ. ആർ. കേളു, എം.എൽ.എ.-യും പ്രസ്തുത യോഗത്തിൽ ഹാജരായിരുന്നു.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി പി. കെ., ഗിരിജ, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗവും പിന്നോക്ക സമുദായ വികസനവും വകുപ്പ്.
2. ശ്രീ. കെ. എസ്. മധുസൂദനൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീമതി ആർ. ഷീലാറാണി, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്.
4. ശ്രീ. കെ. റ്റി. ബാലഭാസ്കരൻ, മാനേജിംഗ് ഡയറക്ടർ, സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ.
5. ഡോ. എസ്. ബിന്ദു, ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് & ഷെഡ്യൂൾഡ് ട്രൈബ്സ് (കിർത്താഡ്സ്).
6. ശ്രീ. പി. എൻ. സുരേഷ്കുമാർ, ജോയിന്റ് സെക്രട്ടറി, പിന്നോക്ക സമുദായ വികസന വകുപ്പ്.
7. ശ്രീ. എച്ച്. ഗോപകുമാർ, ഇൻസ്പെക്ടർ ജനറൽ, ജയിൽ ആസ്ഥാന കാര്യാലയം.
8. ശ്രീ. അനക്കായ് ബാലകൃഷ്ണൻ, ജനറൽ മാനേജർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ.
9. ശ്രീ. എസ്. ദിലീപ്, റീജിയണൽ മാനേജർ, കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഫോർ ക്രിസ്ത്യൻ കൺവെർട്ട്സ് ഫ്രം ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ദി റെക്കമെന്റഡ് കമ്മ്യൂണിറ്റീസ് ലിമിറ്റഡ്.
10. ശ്രീ. ജി. സിദ്ധാർത്ഥൻ, ഡെപ്യൂട്ടി ഡയറക്ടർ ഇൻ ചാർജ്ജ്, പിന്നോക്ക സമുദായ വികസന ഡയറക്ടറേറ്റ്.
11. ശ്രീമതി ജോയ് സെബാസ്റ്റീനാ പുഷ്പം, പ്രോഗ്രാം ഓഫീസർ, ജയിൽ ആസ്ഥാന കാര്യാലയം.
12. ശ്രീമതി സി. എസ്. ശ്രീജ, സീനിയർ ഫിനാൻസ് ഓഫീസർ, ജയിൽ ആസ്ഥാന കാര്യാലയം.

1233/2018.

കിർത്താഡ്സിലെ ക്യൂറേറ്റർ തസ്തികയുടെ സ്പെഷ്യൽ റൂൾ, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സമിതി പരിഗണിക്കുകയും ചുവടെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

I. കിർത്താഡ്സിലെ ക്യൂറേറ്റർ തസ്തികയുടെ യോഗ്യത ഭേദഗതി ചെയ്യുന്നതു സംബന്ധിച്ച സ്പെഷ്യൽ റൂൾ - 2017.
(ഫയൽ നമ്പർ 3957/സബ്.സി.ജി.2/17/നി.സെ.)

കിർത്താഡ്സ് ക്യൂറേറ്റർ തസ്തികയുടെ നിയമനത്തിനായുള്ള യോഗ്യതയിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള കരട് വിജ്ഞാപനത്തിൽ താഴെപ്പറയും പ്രകാരം മാറ്റങ്ങൾ വരുത്തി സമിതി അംഗീകരിച്ചു.

കരട് വിജ്ഞാപനത്തിലെ G.O. (P) No....../2016/SCSTDD, dated................ Thiruvananthapuram, എന്നീ വാക്കുകൾക്കുശേഷമുള്ള '2016' എന്നത് '2017' എന്നാക്കാനും മറ്റു രണ്ടു എൻട്രികളും ഒഴിവാക്കാനും നിർദ്ദേശിച്ചു. SRO No. ............. എന്ന് തുടങ്ങുന്ന ഖണ്ഡികയിലെ അഞ്ചാമത്തെ വരിയിലെ 'issued under Notification No. G.O. (P) 63/2007/SCSTDD' എന്നത് 'issued by Notification under G.O. (P) 63/2007/SCSTDD' എന്നാക്കി മാറ്റുന്നതിന് തീരുമാനിച്ചു.

ചട്ടത്തിൽ 1 'Short title and commencement' എന്ന ശീർഷകം ഖണ്ഡിക രൂപത്തിലാക്കാനും മൂന്നാമത്തെ വരിയിലെ Scheduled Castes and Scheduled Tribes Subordinate Service, (Amendment) 2016 എന്നത് Scheduled Castes and Scheduled Tribes Subordinate Service (Amendment), 2017 എന്നാക്കി മാറ്റാനും ചട്ടത്തിൽ 2 'Amendment of Rules' എന്ന ശീർഷകത്തിലെ മൂന്നാമത്തെ വരിയിലെ 'table' എന്ന വാക്കിലെ 't' capital letter ആക്കാനും നാലാമത്തെ വരിയിലെ "in columns (1) (2) and (3) the following category and entries shall respectively, be substituted" എന്നത് in columns (2) and (3) the following category and entries shall, respectively, be substituted എന്നാക്കി മാറ്റാനും തീരുമാനിച്ചു.

ക്യൂറേറ്റർ തസ്തികയുടെ നിയമനത്തിനായുള്ള യോഗ്യതകൾ വിവരിക്കുന്ന 1. 'By transfer' പിരിവ് (i)-ൽ പറഞ്ഞിരിക്കുന്ന 'Masters degree' എന്നതിലെ 'd' capital letter ആക്കാൻ തീരുമാനിച്ചു. പിരിവ് (ii)-ന് ശേഷമുള്ള 'Note'-ൽ പറഞ്ഞിരിക്കുന്ന 'persons appointed By transfer' എന്നതിൽ 'By' എന്ന വാക്കിലെ 'B' small letter ആക്കാൻ തീരുമാനിച്ചു.

ക്യൂറേറ്റർ തസ്തികയുടെ നിയമനത്തിനുള്ള യോഗ്യത വിവരിക്കുന്ന 2. By direct recruitment പിരിവ് (i)-ൽ പറഞ്ഞിരിക്കുന്ന Masters degree എന്നതിലെ 'd' capital letter ആക്കാനും യോഗ്യതകൾ വിവരിച്ച ശേഷമുള്ള 'By Order of the Governor' എന്നതിലെ Order എന്ന വാക്കിലെ 'O' small letter ആക്കാനും തീരുമാനിച്ചു.

കരട് ചട്ടത്തിന്റെ Explanatory Note-ൽ ആദ്യത്തെ ഖണ്ഡികയിലെ ഒന്നാമത്തെ വരിയിലെ By transfer എന്നതിൽ By എന്ന വാക്കിലെ 'B' small letter ആക്കാനും രണ്ടാമത്തെ ഖണ്ഡികയിലെ മൂന്നാമത്തെ വരിയിലെ 'Masters degree in Anthropoly obtained' എന്നത് 'Masters Degree in Anthropology obtained' എന്നാക്കി മാറ്റാനും തീരുമാനിച്ചു.

II. 1. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ താഴെപ്പറയുന്ന ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:
(ഫയൽ നമ്പർ 1910/സബ്.സി.ജി2/17/നി.സെ.)

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ശിപാർശ നമ്പർ 5

ആഭ്യന്തര വകുപ്പ് - ശിപാർശ നമ്പർ 40

2. 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച താഴെപ്പറയുന്ന ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കയും ചെയ്തു:
(ഫയൽ നമ്പർ 4411/സബ്.സി.ജി2/17/നി.സെ.)

പിന്നോക്ക വിഭാഗ വികസന വകുപ്പ് - ശിപാർശ നമ്പർ 23 മുതൽ 29 വരെ.

III. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ

സമിതിയുടെ 22-8-2017-ലെ യോഗത്തിൽ വകുപ്പ് സെക്രട്ടറിമാർ ഹാജരാകാതിരുന്നതിനുള്ള വിശദീകരണം ആരായുന്നത് സംബന്ധിച്ച്.
(ഫയൽ നമ്പർ 4165/സബ്.സി.ജി2/17/നി.സെ.)

പ്രസ്തുത ഫയലിലെ നടപടികൾ അവസാനിപ്പിക്കാൻ സമിതി നിർദ്ദേശിച്ചു

സമിതിയോഗം രാവിലെ 11.45-ന് അവസാനിച്ചു.

## 14-2-2018-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2018 ഫെബ്രുവരി മാസം 14-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ.
2. ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി പി. കെ. ഗിരിജ, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. വേണു വി., പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പ്.
2. ശ്രീമതി ആർ. താരാദേവി, അഡീഷണൽ സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്.
3. ശ്രീ. ബി. ശ്രീകുമാർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ ബഡ്ജറ്റ് വിംഗ് വകുപ്പ്.
4. ശ്രീമതി ഉഷ ടി. നായർ, ജോയിന്റ് സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്.
5. ശ്രീ. അലി അസ്ഗർ പാഷ, ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്.
6. ഡോ. പി. പുകഴേന്തി, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്.
7. ശ്രീമതി ലിൻഡ്സേ തോമസ്, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.
8. ശ്രീ. ആർ. പ്രസേനൻ, ജോയിന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്.
9. ശ്രീമതി ജോസഫൈൻ, ജെ., അസിസ്റ്റന്റ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്.

10. ശ്രീമതി വി. ജി. യമുനാറാണി, സെക്രട്ടറി, ഓംബുഡ്സ്മാൻ.

11. ശ്രീ. കെ. ടി. ബാലഭാസ്കരൻ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഫോർ ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് ലിമിറ്റഡ്.

12. ഡോ. എം. എ. നാസർ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഫോർ ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് ലിമിറ്റഡ്.

13. ശ്രീ. പദ്മനാഭൻ, വി., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കിർത്താഡ്സ്.

14. ശ്രീ. സാംബശിവ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

സമിതി 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന നമ്പർ XXV (പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക വിഭാഗ വികസന വകുപ്പുകൾ)-ന്റെ സൂക്ഷ്മ പരിശോധന സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയുമുണ്ടായി.

## ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നീ മൂന്ന് വിഭാഗങ്ങളുടെ ക്ഷേമം സംബന്ധിച്ച വിഷയത്തിന്മേൽ, പ്രധാനമായും 5, 6, 4 എണ്ണം വീതമുള്ള ഹെഡ്ഡുകളിലാണ് അധിക ധനാഭ്യർത്ഥന നടത്തിയിട്ടുള്ളതെന്നും, അധിക ധനാഭ്യർത്ഥന നടത്തിയ ഹെഡ്ഡുകളിലാണ് ചർച്ച നടത്തുന്നതെന്നും അതോടൊപ്പം പട്ടികജാതിക്കാരുടെ ലോണുകൾ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട ഹെഡ്ഡിലും ചർച്ച നടത്തേണ്ടതുണ്ടെന്ന് ആമുഖമായി ചെയർമാൻ സമിതിയെ അറിയിച്ചു.

### പട്ടികജാതി വികസന വകുപ്പ്

2225-01-277-99-12—മെട്രിക്കുലേഷന് മുൻപുള്ള പഠനങ്ങൾ സ്കോളർഷിപ്പും സ്റ്റൈപ്പന്റും—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

ബഡ്ജറ്റ് വിഹിതം : 33,00,00,000 രൂപ (നോൺ പ്ലാൻ)

പ്രീ-മെട്രിക്, സർക്കാർ ഐ.ടി.ഐ./ഐ.ടി.സി.-കൾ മറ്റ് അംഗീകൃത സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ തൊഴിലധിഷ്ഠിത കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, എസ്.സി. വിഭാഗങ്ങളിൽ വളരെ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രതിമാസ സ്റ്റൈപ്പന്റ്, പരാജയപ്പെട്ട പ്രീ-മെട്രിക് വിദ്യാർത്ഥികൾക്കുള്ള ലംപ്സംഗ്രാന്റ് എന്നിവയടങ്ങുന്ന പദ്ധതിയാണിത്.

പ്രീ-മെട്രിക് പഠനങ്ങൾക്കായി പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ് എന്നിവ 2016-17 സാമ്പത്തിക വർഷം മുതൽ വർദ്ധിപ്പിച്ച് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള തുക നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-01-277-53—<u>പോസ്റ്റ് മെട്രിക് സ്റ്റുഡൻസിനുള്ള അധിക സംസ്ഥാന സഹായം</u>

ബഡ്ജറ്റ് വിഹിതം : 15,00,00,000 രൂപ (പ്ലാൻ)

കേന്ദ്ര സർക്കാരിൽനിന്ന് സ്കോളർഷിപ്പുകൾ ഒന്നും തന്നെ ലഭ്യമാകാത്ത പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് സംസ്ഥാനം ധനസഹായം നൽകുന്നതിനും കേന്ദ്ര സഹായം ലഭിക്കുന്നവർക്ക് ആയത് സംസ്ഥാന സഹായത്തിന്റെ നിരക്കിൽ ലഭ്യമാക്കുന്നതിനുമാവശ്യമായ അധിക തുക അനുവദിക്കുന്നതിനും പ്രസ്തുത ശീർഷകത്തിൽ 200 കോടി ശിപാർശ ചെയ്തിരുന്നുവെങ്കിലും 15 കോടി രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളുവെന്നും പ്രസ്തുത തുക വളരെ അപര്യാപ്തമാണെന്നും നിരീക്ഷിച്ച സമിതി പ്രസ്തുത ശീർഷകത്തിൽ 185 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-01-283-89—<u>ഭവനരഹിതർക്ക് ഭവനം</u>

ബഡ്ജറ്റ് വിഹിതം : 380,00,00,000 രൂപ (പ്ലാൻ)

ഭവനനിർമ്മാണ ധനസഹായം 4 ലക്ഷമായി വർദ്ധിപ്പിക്കും എന്നതിനാലും ഭവന പുനരുദ്ധാരണ ധനസഹായം ഒരു ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട് എന്നതിനാലും സ്പിൽ ഓവർ വീടുകൾക്ക് 4 ലക്ഷം രൂപയുടെ ആനുപാതിക നിരക്കിൽ തുക നൽകേണ്ടതുണ്ട്. കൂടാതെ പഠിക്കാൻ സ്ഥലസൗകര്യമില്ലാത്ത കുട്ടികൾക്ക് പഠനമുറികൂടി അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതിനായി 2 ലക്ഷം രൂപയാണ് ആവശ്യമായി വരുന്നത്. ഈ സാഹചര്യത്തിൽ ടി ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന 380 കോടി രൂപ അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 270 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-01-800-86—<u>1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പിലാക്കുന്നതിനുള്ള സംവിധാനം (50% കേന്ദ്ര സഹായം)</u>

ബഡ്ജറ്റ് വിഹിതം : 15,00,00,000 രൂപ (പ്ലാൻ)

1955-ലെ പൗരാവകാശ സംരക്ഷണ നിയമം നടപ്പാക്കലും 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം നടപ്പാക്കലും പട്ടികജാതി പട്ടികവർഗ്ഗ

സംരക്ഷണ സെല്ലും പ്രത്യേക പോലീസ് സ്റ്റേഷനുകൾ നടപ്പിലാക്കുകയും അവയെ ശക്തിപ്പെടുത്തുകയും ചെയ്യുക, പ്രത്യേക കോടതികൾ സ്ഥാപിക്കുകയും നടപ്പിലാക്കുകയും ചെയ്യുക, അതിക്രമങ്ങൾക്ക് ഇരയായവർക്കുള്ള ധനസഹായം 2016-ലെ ഭേദഗതി പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ പുനരധിവാസം, മിശ്ര വിവാഹിതർക്ക് ധനസഹായം നൽകുക, അവബോധം ഉണ്ടാക്കൽ തുടങ്ങിവയ്ക്കായി 2018-19 വർഷത്തേക്ക് 15 കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. എന്നാൽ അതിക്രമത്തിന് ഇരയായവർക്കുള്ള തുക വർദ്ധിപ്പിച്ച് നൽകിയതിനാലും മിശ്രവിവാഹിതർക്കുള്ള ധനസഹായം 75,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2225-80-800-99-12—<u>മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും</u>

ബഡ്ജറ്റ് വിഹിതം : 16,00,00,000 രൂപ (നോൺ പ്ലാൻ)

മുന്നോക്കസമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളുടെയും കുമാരപിള്ള കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ള വിദ്യാർത്ഥികളുടെയും 2017-18 അധ്യയന വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നതിനും, ഈ ഇനത്തിൽ 2013-14 മുതൽ 2016-17 വരെ നൽകാനുള്ള കുടിശ്ശിക തുകയായ 25.36 കോടി രൂപയും നൽകുന്നതിലേയ്ക്കായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 56.26 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

## പട്ടിക വർഗ്ഗ വികസന വകുപ്പ്

2225-02-102-92—<u>ഭക്ഷണ സഹായ പരിപാടി</u>

ബഡ്ജറ്റ് വിഹിതം : 25,00,00,000 രൂപ (പ്ലാൻ)

ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പട്ടികവർഗ്ഗ മേഖലകളിൽ തൊഴിൽ ലഭ്യമാക്കുകയും അവർക്ക് വേതനം പണമായും ഭക്ഷ്യധാന്യങ്ങളായും നൽകുകയും ചെയ്യുന്ന പരിപാടിയാണിത്. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളെയും ഭക്ഷ്യ സഹായ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഓണക്കാലത്ത് എല്ലാ കുടുംബങ്ങൾക്കും ഓണക്കിറ്റ് നൽകുന്നതിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ കൂടി വകയിരുത്തുന്നതിന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2225-02-277-52—പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം : 4,00,00,000 രൂപ (പ്ലാൻ)

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എല്ലാ ഹോസ്റ്റലുകളും UNICEF standard-ൽ നവീകരിക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

2225-02-283-89—ഭവനരഹിതർക്ക് ഭവനം

ബഡ്ജറ്റ് വിഹിതം : 127,00,00,000 രൂപ (പ്ലാൻ)

ലൈഫ് മിഷനിൽ ഉൾപ്പെടുത്തി 10000 പുതിയ വീടുകൾ നിർമ്മിക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 350 കോടി രൂപ കൂടി അധികമായി വകയിരുത്താൻ ശിപാർശ ചെയ്യാൻ തീരുമാനിച്ചു

2225-02-277-99—മെട്രിക്കുലേഷനുമുമ്പുള്ള പഠനങ്ങൾ

ബഡ്ജറ്റ് വിഹിതം : 16,50,00,000 രൂപ (നോൺ പ്ലാൻ)

2016-17 സാമ്പത്തിക വർഷം പ്രീ-മെട്രിക് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 25% വർദ്ധിപ്പിച്ചതിന് ആനുപാതികമായി ഫണ്ട് അനുവദിച്ചിരുന്നില്ല. ഇപ്പോൾ വിദ്യാഭ്യാസാനുകൂല്യങ്ങൾ 50% വർദ്ധിപ്പിക്കുന്നതിനായി പരിഗണനയിലുള്ള പ്രൊപ്പോസൽ സർക്കാർ അംഗീകരിക്കുന്നപക്ഷം പ്രസ്തുത ചെലവുകൾകൂടി വഹിക്കുന്നതിന് ഈ ശീർഷകത്തിൽ കൂടുതൽ തുക അനുവദിക്കേണ്ടതുണ്ട്. ആയതിനാൽ നിലവിലുള്ള വിഹിതത്തിനു പുറമെ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-277-94—ഗിരിവർഗ്ഗ ഹോസ്റ്റൽ—മറ്റു ചെലവുകൾ—മറ്റിനം

ബഡ്ജറ്റ് വിഹിതം : 27,18,12,000 രൂപ (നോൺ പ്ലാൻ)

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 106 പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെ ദൈനംദിന ആഹാരചെലവുകൾ, യൂണിഫോം തുടങ്ങിയവയ്ക്കായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഹോസ്റ്റലുകളിൽ അനുവദനീയമായതിൽ കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കേണ്ടിവരുന്നതുവഴി "മറ്റ് ചെലവുകൾ" ഇനത്തിൽ അനുവദിച്ച തുക പര്യാപ്തമാകുകയില്ല. കൂടാതെ ദൈനംദിന

ചെലവുകൾക്കൊപ്പം മറ്റ് ആകസ്മിക ചെലവുകൾകൂടി ഈ വിഹിതത്തിൽനിന്ന് വഹിക്കേണ്ടിവരുന്നു. ആയതിനാൽ '34-മറ്റു ചെലവുകൾ' എന്ന ശീർഷകത്തിൽ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-02-277-89-34-3—നഴ്സറി സ്കൂൾ—മറ്റു ചെലവുകൾ—മറ്റിനം

ബഡ്ജറ്റ് വിഹിതം : 2,50,000 രൂപ (നോൺ പ്ലാൻ)

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ വിവിധ ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന 13 നഴ്സറി സ്കൂളുകളിലെ കുട്ടികളുടെ പ്രതിദിന ആഹാര ചെലവ് 2014-15 സാമ്പത്തിക വർഷം മുതൽ 10 രൂപയിൽ നിന്നും 30 രൂപയായി വർദ്ധിപ്പിച്ചുവെങ്കിലും അതിന് ആനുപാതികമായിട്ടുള്ള തുക ഇതുവരെയും അനുവദിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ഇതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ നഴ്സറി സ്കൂളുകളിലെ കുട്ടികളുടെ ആഹാര ചെലവിനായി 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## പിന്നാക്ക വിഭാഗ വികസന വകുപ്പ്

2225-03-277-99-12—മെട്രിക്കുലേഷനു ശേഷമുള്ള പഠനങ്ങൾ—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

ബഡ്ജറ്റ് വിഹിതം : 182,00,00,000 രൂപ (നോൺ പ്ലാൻ)

23-5-2014-ലെ ജി.ഒ.(എംഎസ്.)10/2014 പ്രകാരം 30 സമുദായങ്ങൾക്ക് പുതുതായി ഒ.ഇ.സി. ആനുകൂല്യം അനുവദിക്കുകയും 21-2-2014-ലെ ജി.ഒ.(എംഎസ്.)6/2014/ ബി.സി.ഡി.ഡി. പ്രകാരം കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ ക്കുള്ള വരുമാന പരിധി 42000-ത്തിൽനിന്ന് ഒരു ലക്ഷമാക്കി ഉയർത്തുകയും സംസ്ഥാനത്ത് വ്യാപകമായി സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾ ആരംഭിച്ചതിന് അനുസൃതമായി മെരിറ്റിലും റിസർവേഷനിലും പ്രവേശനം ലഭിക്കുന്ന ഒ.ഇ.സി. വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുകയും ചെയ്തതിന് ആനുപാതികമായി ഈ ശീർഷകത്തിൽ തുക അനുവദിയ്ക്കുന്നില്ലായെന്നും സമിതി വിലയിരുത്തി. കൂടാതെ ജി.ഒ.(പി)നമ്പർ 4/2016/എസ്.സി.എസ്.റ്റി.ഡി.ഡി. പ്രകാരം 2016-17 വർഷം മുതൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ 25% വർദ്ധിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ ഒ.ഇ.സി. വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം പൂർണ്ണ തോതിൽ അനുവദിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമാവുകയില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 150 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-03-800-99—<u>പിന്നോക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷൻ (സഹായധനം)</u>

ബഡ്ജറ്റ് വിഹിതം : 2,13,96,000 രൂപ (നോൺ പ്ലാൻ)

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളുടെ പിന്നോക്കാവസ്ഥ കണ്ടെത്തി പുതിയ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുന്നതിന് ആവശ്യമായ പഠനങ്ങളുടെ അപര്യാപ്തത കമ്മീഷന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ പഠിച്ച് സമയബന്ധിതമായി റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുന്നതിന് കമ്മീഷന്റെ കീഴിൽ ഒരു സാമൂഹിക സാമ്പത്തിക സർവ്വേ വിഭാഗം ആരംഭിക്കുന്നത് ഉചിതമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ഇതിന്റെ അടിയന്തര പ്രാധാന്യം മുൻനിർത്തി സർവ്വേ വിഭാഗം ആരംഭിക്കുന്നതിനും ഇതിന്റെ ചെലവുകൾക്കായി 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

4225-03-190-99—<u>പട്ടികജാതി വിഭാഗത്തിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്കായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ</u>

ബഡ്ജറ്റ് വിഹിതം : 7,00,00,000 രൂപ (പ്ലാൻ)

ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാരിലും മറ്റ് ശിപാർശിത വിഭാഗക്കാരിലും ഉൾപ്പെട്ട സ്വന്തമായി വീടും സ്ഥലവും ഇല്ലാത്തവർക്കായി പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് അധിക തുക ആവശ്യമുണ്ടെന്ന് സമിതി വിലയിരുത്തി. ആയതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനു പുറമേ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു

4225-03-190-98—<u>കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ</u>

ബഡ്ജറ്റ് വിഹിതം : 14,30,00,000 രൂപ (പ്ലാൻ)

കേന്ദ്രത്തിൽനിന്നും മൈനോറിറ്റി കമ്മീഷന്റേയും ബാക്കോർഡ് കമ്മീഷന്റെയും സഹായം കിട്ടുന്ന ഒരു പദ്ധതിയാണിത്. ഗ്രാന്റായി സംസ്ഥാന സർക്കാർ 14 കോടി 30 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഫലപ്രദമായ ഒരു വികസന കോർപ്പറേഷനാണിത്. കൂടാതെ നോർക്കയുമായി ബന്ധപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി 4% പലിശയ്ക്ക് 20 ലക്ഷം രൂപ വരെ വായ്പാസഹായം കൊടുക്കുന്നുണ്ട്. 3 ലക്ഷം രൂപ സബ്സിഡിയായിട്ടാണ് കൊടുക്കുന്നത്. 20 ലക്ഷത്തിൽ 17 ലക്ഷം മാത്രമേ തിരിച്ച് നൽകേണ്ടതുള്ളൂ. ആയതിനാൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഗുണഭോക്തൃ വൃന്ദത്തിൽപ്പെടുന്ന സംസ്ഥാനത്തെ മറ്റ് പിന്നോക്ക മത ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനായി നിലവിലെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക

അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ദേശീയ കോർപ്പറേഷനുകളിൽനിന്നും ലഭിക്കുന്ന വായ്പയ്ക്ക് Matching contribution ഇനത്തിലുള്ള 10% തുക വകയിരുത്തുന്നതിനും ദേശീയ ഏജൻസികളുടെ പദ്ധതികൾക്ക് ആനുപാതിക വിഹിതം കണ്ടെത്തുന്നതിനും തനത് പദ്ധതികൾ നടപ്പിലാക്കുന്നതിനും ക്രാഫ്റ്റ് വില്ലേജ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ വിഹിതത്തിനും, അധിക തുക ആവശ്യമായതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 47.7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2225-80-190-94—<u>പട്ടികജാതിക്കാർക്കുള്ള കടിശ്ശിക വായ്പ നിവാരണ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ വികസന കോർപ്പറേഷനുള്ള ധനസഹായം</u>

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺപ്ലാൻ)

പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പ എഴുതിത്തള്ളുന്നതിനായുള്ള ശീർഷകമാണ് ഇത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ സഹകരണ സംഘങ്ങളിൽനിന്നും 31-3-2014 വരെ എടുത്തിട്ടുള്ള ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിതള്ളുന്നതിന് 1-10-2015-ലെ 71/2015/പ.ജ.പ.വ.വി.വ. നമ്പർ കത്ത് പ്രകാരം ഉത്തരവായിട്ടുള്ളതിനാൽ ഈ ആനുകൂല്യം പട്ടികജാതി വിഭാഗക്കാർക്ക് കൂടി അനുവദിക്കണ മെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗം 2018 ഫെബ്രുവരി മാസം 20-ാം തീയതി തിരുവനന്തപുരത്ത് വച്ച് നടത്താൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് അവസാനിച്ചു.

## 15-2-2018 ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2018 ഫെബ്രുവരി 15-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറും ഹാജരായിരുന്നു. യോഗത്തിൽ ചുവടെ ചേർത്തിരിക്കുന്ന അംഗവും ഹാജരായിരുന്നു:

<u>ഹാജരായ അംഗം</u> :

ശ്രീ. സി.കെ. ശശീന്ദ്രൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി പി. കെ. ഗിരിജ, സ്പെഷ്യൽ സെക്രട്ടറി
2. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ബിജു പ്രഭാകർ, സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
2. ശ്രീമതി കെ. എം. ലീലാമണി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
3. ശ്രീമതി കെ. എസ്. ഉഷ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീമതി ഷീല റാണി, അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്
5. ശ്രീമതി ടി. കെ. അജിത കുമാരി, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്
6. ശ്രീ. സജു, എസ്., ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്
7. ശ്രീ. രാജേഷ് പ്രകാശ്, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
8. ശ്രീ. എച്ച്. ഗോപകുമാർ, ഇൻസ്പെക്ടർ ജനറൽ, ജയിൽ വകുപ്പ്
9. ശ്രീ. പി.ബി. നൂഹ്, ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
10. ശ്രീ. ജിജു പ്രജിത്, ജോയിന്റ് ഡയറക്ടർ, ട്രഷറി വകുപ്പ്
11. ശ്രീമതി ബിന്ദു, വി. സി., മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് വുമൺസ് ഡെവലപ്മെന്റ് കോർപ്പറേഷൻ
12. ശ്രീ. മൊയ്തീൻ കുട്ടി, കെ., മാനേജിംഗ് ഡയറക്ടർ, സ്റ്റേറ്റ് ഹാൻഡികാപ്ഡ് പേഴ്സൻസ് വെൽഫെയർ കോർപ്പറേഷൻ ലിമിറ്റഡ്
13. ഡോ. സാമുവൽ എൻ. മാത്യു, എക്സിക്യൂട്ടീവ് ഡയറക്ടർ, നിഷ്
14. ഡോ. മുഹമ്മദ് അഷീൽ, എക്സിക്യൂട്ടീവ് ഡയറക്ടർ, സോഷ്യൽ സെക്യൂരിറ്റി മിഷൻ
15. ശ്രീ. പത്മകുമാർ, പി. എൻ., സെക്രട്ടറി, കേരളാ സ്റ്റേറ്റ് സോഷ്യൽ വെൽഫെയർ ബോർഡ്
16. ശ്രീമതി കെ. കെ. ഉഷ, സൂപ്രണ്ട്, ശ്രീചിത്രാഹോം.

സമിതി, 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XLVI പരിഗണിക്കുകയും, സാമൂഹ്യനീതി, ധനകാര്യം എന്നീ വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകുകയുമുണ്ടായി.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

### സാമൂഹ്യനീതി വകുപ്പ്

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും സംബന്ധിച്ച ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് സാമൂഹ്യനീതി, വനിതാ ശിശുവികസനം, ആഭ്യന്തരം എന്നീ വകുപ്പുകളിലെ അധിക ധനാഭ്യർത്ഥനകളുള്ള ഹെഡ്ഡുകളാണ് പ്രധാനമായും പരിഗണിക്കുന്നതെന്ന് ബഹു. ചെയർമാൻ ആമുഖമായി അറിയിച്ചു.

സാമൂഹ്യനീതി, വനിതാ ശിശുവികസനം എന്നിവ രണ്ടു വകുപ്പുകളായി രൂപം കൊണ്ടശേഷം ആദ്യമായാണ് അതത് വകുപ്പുകൾക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനകൾ പരിഗണിക്കുന്നത് എന്നും ഒരു വകുപ്പ് രണ്ടായി വിഭജിച്ചെങ്കിലും ബഡ്ജറ്റിൽ രണ്ട് വകുപ്പുകൾക്കുമുള്ള തുക കണ്ടെത്തുക എന്നതാണ് പ്രധാന ലക്ഷ്യമെന്നും വനിതാശിശു ക്ഷേമ പ്രവർത്തനങ്ങൾക്കായി സാമൂഹ്യനീതി വകുപ്പ് കഴിഞ്ഞ കാലങ്ങളിൽ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നതിനാൽ അവ തുടരുന്നതിന് കൂടുതൽ തുക കണ്ടെത്തേണ്ടതുണ്ട് എന്നും എക്സ്-ഒഫീഷ്യോ അംഗം അഭിപ്രായപ്പെട്ടു.

വൈകല്യങ്ങൾ പ്രാരംഭത്തിൽ തന്നെ കണ്ടെത്തുന്നതിനും അവരുടെ പുനരധിവാസത്തിനുള്ള പ്രവർത്തനങ്ങളുടെ നടത്തിപ്പ് ചെലവുകൾ വളരെ കൂടുതലുമാണ്. ഭിന്നശേഷി മേഖലയിൽ സമഗ്രമായ ഇടപെടലുകൾ നടത്തുന്നതിനായി രൂപീകരിച്ച അനുയാത്രാ പദ്ധതിയ്ക്കായി വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായി നടപ്പാക്കിയ സ്വയംപ്രഭ പദ്ധതി, ഓൾഡേജ് ഹോമുകൾ നവീകരിക്കുന്നതിനുള്ള പദ്ധതി, കൂടാതെ പുതുതായി ആരംഭിക്കാനുള്ള പദ്ധതികൾ എന്നിവയാണ് സാമൂഹ്യനീതി വകുപ്പിന്റെ ധനാഭ്യർത്ഥനയിൽ വരുന്നത്. കഴിഞ്ഞ കാലങ്ങളിൽ വകുപ്പ് നടപ്പാക്കിയ പ്രവർത്തനങ്ങൾക്ക് ദേശീയ തലത്തിൽ അംഗീകാരം ലഭിച്ചെങ്കിലും അവ തുടർന്നുകൊണ്ടുപോകുന്നതിന് കൂടുതൽ തുക ആവശ്യമാണെന്നും എക്സ്-ഒഫീഷ്യോ അംഗം വ്യക്തമാക്കി.

ട്രാൻസ്ജെൻഡറുകളുടെ ക്ഷേമം സംബന്ധിച്ച പ്രവർത്തനങ്ങൾ, കുട്ടികളുടെ ക്ഷേമം സംബന്ധിച്ച വിഷയത്തിൽ ചിൽഡ്രൻസ് ഹോമുകളുടെ മാറ്റം എന്നിവ എൻ.ജി.ഒ.കളുടെ സഹകരണത്തോടെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. ഐ.സി.ഡി.എസ്. ഒരു പ്രധാന ഘടകമായി നിലനിൽക്കുമ്പോൾത്തന്നെ കേന്ദ്രവിഹിതം 60:40-ൽ നിന്ന് 75:25 ആയി വെട്ടിക്കുറച്ചിരിക്കുകയാണ്. അതിനാൽ അങ്കണവാടി ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള

ആനുകൂല്യങ്ങൾ സംസ്ഥാന സർക്കാരിനുമേൽ വരുന്ന അവസ്ഥയാണ് ഉള്ളത്. അങ്കണവാടികളുടെ നവീകരണവും ജീവനക്കാരുടെ ശമ്പളവും അതിൽ ഉൾപ്പെടുന്നു. അതിനായി കൂടുതൽ ഫണ്ട് വകയിരുത്തേണ്ടതായിരുന്നെങ്കിലും ആയത് ലഭിക്കാത്ത സാഹചര്യത്തിൽ അധിക തുക ആവശ്യപ്പെടേണ്ട അവസ്ഥയാണുള്ളത്. കേന്ദ്രവിഹിതം കുറയുന്ന സാഹചര്യത്തിൽ നിലവിൽ നടപ്പാക്കിയ പദ്ധതികൾ മുന്നോട്ട് കൊണ്ടു പോകുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും വകുപ്പുകളുടെ ഭാഗത്തുനിന്നും ശക്തമായ പ്രവർത്തനം ഉണ്ടാകേണ്ടത് അത്യാവശ്യമാണെന്നും എക്സ്-ഒഫീഷ്യോ അംഗം അഭിപ്രായപ്പെട്ടു. തുടർന്ന് അധിക ധനാഭ്യർത്ഥന ആവശ്യപ്പെട്ടിട്ടുള്ള ശീർഷകങ്ങൾ പരിഗണിച്ചു.

2235-02-001-96—<u>ഭരണ സംവിധാനം ശക്തിപ്പെടുത്തൽ</u>

സാമൂഹ്യനീതി വകുപ്പിന്റെ ഭരണസംവിധാനം മെച്ചപ്പെടുത്തുന്നതിനും വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും 'strengthining of administrative infrastructure' എന്ന പദ്ധതിക്കുമായി അനുവദിച്ചിരിക്കുന്ന പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ 10 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-02-101-75—<u>എന്റെ കൂട് പദ്ധതി—അഗതികൾക്ക് രക്ഷാ കേന്ദ്രം</u>

അഗതികൾക്ക് താമസം, ഭക്ഷണം, വേതനം എന്നിവ ഉറപ്പാക്കി അവർക്കായി ഒരു രാത്രി അഭയ കേന്ദ്രം തുടങ്ങുക എന്ന പദ്ധതി കേവലം 2 ജില്ലകളിൽ മാത്രമാണ് നടപ്പിലാക്കി വരുന്നതെന്ന് സമിതി മനസ്സിലാക്കി. 2018-19 സാമ്പത്തിക വർഷത്തിൽ മറ്റ് ജില്ലകളിൽകൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തി യിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ കൂടി അധികമായി വകയിരുത്തണ മെന്ന് ശിപാർശ ചെയ്യു.

2235-02-101-73—<u>മാനസിക വെല്ലുവിളികൾ നേരിടുന്ന മുതിർന്നവർക്കുള്ള പിൻതുണയും പുനരധിവാസത്തിനുള്ള മാതൃകാ പരിപാടി</u>

സാമൂഹ്യ സുരക്ഷിതത്വ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന അസിസ്റ്റന്റ് ലിവിംഗ് മാതൃക പദ്ധതിയ്ക്ക് സംസ്ഥാന ആസൂത്രണ ബോർഡും സാമൂഹ്യനീതി വകുപ്പും രൂപം നൽകിയിട്ടുണ്ട്. അംഗീകൃത സർക്കാരിതര സംഘടനകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സജീവ സാന്നിദ്ധ്യത്തോടെ 2018-19 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സാമൂഹ്യനീതി വകുപ്പിന് വകയിരുത്തിയിരിക്കുന്ന വിഹിതം അപര്യാപ്ത മായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.15 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-02-101-69—വൈകല്യം മുൻകൂർ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വൈകല്യ ബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമായുള്ള സംസ്ഥാന സംരംഭം

വൈകല്യം മുൻകൂർ കണ്ടെത്തുന്നതിനും, വൈകല്യബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമായുള്ള സംരംഭം നടപ്പിലാക്കുന്നതിനും, ഭിന്നശേഷി മേഖലയിൽ സമഗ്രമായ ഇടപെടലുകൾ നടത്തുന്നതിനുമായുള്ള അനുയാത്ര പദ്ധതിയുടെ പ്രവർത്തനങ്ങൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. പദ്ധതി രൂപ രേഖ പ്രകാരം 3,500 ലക്ഷം രൂപ ചെലവ് പ്രതീക്ഷിച്ചിരുന്നുവെങ്കിലും ബഡ്ജറ്റിൽ 2250 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ടി പദ്ധതിക്കാവശ്യമായ തുകയും നിഷ് നാഷണൽ യൂണിവേഴ്സിറ്റി ആയി മാറ്റുന്നതിനും കൂടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ആകെ 39 കോടി രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-60-200-72-02—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി-തീവ്രമായ ശാരീരിക/ മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീടിനുള്ളിൽത്തന്നെ കഴിയേണ്ടിവരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം (ആശ്വാസ കിരണം)

ആശ്വാസ കിരണം പദ്ധതിയുടെ നിലവിലെ ഗുണഭോക്താക്കൾക്കും, 2018-19 വർഷത്തിലെ പുതിയ ഗുണഭോക്താക്കൾക്കും 2017-18 വർഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുള്ള ഗുണഭോക്താക്കൾക്കും പ്രസ്തുത പദ്ധതി പ്രകാരം തുക അനുവദിക്കേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കി. ആയതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 52.2854 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-60-200-72-07—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി—വയോമിത്രം

അറുപത്തി അഞ്ച് വയസ്സിനു മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്ന വയോമിത്രം പദ്ധതി 14 ജില്ലകളിലെയും ഓരോ ബ്ലോക്കിൽ ആരംഭിക്കുന്നതിനും, ആയുർമിത്രം, ഫാമിലി മെഡിസിൻ കാർഡ്, നന്മ എന്നീ പദ്ധതികൾക്കുമായി കൂടുതൽ തുക ആവശ്യമുള്ളതായി സമിതി മനസ്സിലാക്കി ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 37.6342 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-60-200-72-08—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി—വിശപ്പുമുക്ത നഗരം

അവിചാരിതമായി നഗര പ്രദേശങ്ങളിൽ എത്തിപ്പെട്ടവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്ന വിശപ്പുരഹിത പദ്ധതി പ്രകാരം രാത്രികാലങ്ങളിൽക്കൂടി ഭക്ഷണം നൽകുന്നതിനായി 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-60-200-67—അവശത അനുഭവിക്കുന്ന വ്യക്തികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പദ്ധതി

അംഗപരിമിതരായ ആൾക്കാർക്ക് തൊഴിലവസരം സൃഷ്ടിച്ച് അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക എന്ന പദ്ധതി പ്രകാരം അവശത അനുഭവിക്കുന്ന വ്യക്തികളെ കണ്ടെത്തി KSSM, NISH, SID എന്നീ സ്ഥാപനങ്ങൾ മുഖേന പ്രേരക പരിശീലനമോ അല്ലെങ്കിൽ നവീകരണ പരിശീലനമോ നൽകുന്നതിനുവേണ്ടി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.5 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-60-200-64—ട്രാൻസ്ജെൻഡേഴ്സിന്റെ ക്ഷേമം

ഭിന്നലിംഗക്കാരായിട്ടുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് ഭിന്നലിംഗ ഹെൽപ്പ് ലൈൻ ക്രൈസിസ് മാനേജ്മെന്റ് സെന്റർ ആരംഭിക്കൽ, തൊഴിൽ പരിശീലനത്തിനും സ്വയം തൊഴിലിനുമുള്ള ധനസഹായം, ഭിന്നലിംഗക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്നീ പരിപാടികൾ നടപ്പിലാക്കുന്നതിനായി ബഡ്ജറ്റ് പ്രസംഗത്തിൽ കുടുംബശ്രീയുടെ പരിപാടികൾക്കൊപ്പം ഭിന്നലിംഗക്കാരുടെ ക്ഷേമത്തിനായി 1,000 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. എന്നാൽ Rules of Business പ്രകാരം ഭിന്നലിംഗക്കാരുടെ ക്ഷേമകാര്യങ്ങൾ സാമൂഹ്യനീതി വകുപ്പാണ് നടപ്പിലാക്കേണ്ടത്. ട്രാൻസ്ജെൻഡേഴ്സ് ക്ഷേമം സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യപിച്ച തുക അപര്യാപ്തമായതിനാൽ 6 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

4235-02-101-99—ബാരിയർ ഫ്രീ കേരള സ്കീം

സംസ്ഥാനത്തിലെ എല്ലാ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളും പ്രതിബന്ധമുക്തവും അംഗപരിമിത സൗഹൃദ അന്തരീക്ഷമുള്ളതാക്കുന്നതിന്റെ ഭാഗമായി റാമ്പുകൾ, കൈവരികൾ തടസ്സങ്ങളില്ലാത്ത ലിഫ്റ്റുകൾ, വിശ്രമമുറികൾ, ശുചിമുറികൾ, ബ്രെയിലിയിലെ പ്രത്യേക ചിഹ്നങ്ങൾ, എന്നിവ നിർമ്മിക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 7 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-02-101-63—മൊബിലിറ്റി മിഷൻ കേരള

ചലനശേഷി നഷ്ടപ്പെട്ടവരുടെ ചലനശേഷി പുനഃസ്ഥാപിക്കാൻ വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 4.5 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-02-101-61—ആൾ കേരള വീൽചെയർ റൈറ്റ്സ് ഫെഡറേഷൻ

ആൾ കേരള വീൽ ചെയർ റൈറ്റ്സ് ഫെഡറേഷന് നൽകുന്നതിനായി 15 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു

2235-02-104-89—അനാഥാലയ നിയന്ത്രണബോർഡ്

ജീവനക്കാരുടെ ശമ്പളം, കൗൺസിലർമാരുടെ ഓണറേറിയം എന്നിവ നൽകുന്നതിനായി 83 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-02-107-94—ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ക്ഷേമത്തിനായി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സംഘടനകൾക്ക് നൽകുന്ന സാമ്പത്തിക സഹായം

ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ക്ഷേമത്തിനായി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-02-800-86—സാമൂഹ്യ ക്ഷേമ വകുപ്പിലെ ആസ്തി പുതുക്കൽ—ആസ്തി പുതുക്കൽ ഫണ്ടിൽ നിന്നും തുക ചെലവാക്കൽ

29-3-2007-ലെ ജി.ഒ. (എംഎസ്.) നമ്പർ 235/07/ജി.എ.ഡി. ഉത്തരവ് അനുസരിച്ച് എം.ജി.പി. പദ്ധതിയുടെ എസ്.ഡി.പി.യിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ ആവശ്യത്തിനായി 1 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-02-101-89—വികലാംഗർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

ശാരീരിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തെ കുടിശ്ശിക ഉൾപ്പെടെ ഗ്രാന്റ് നൽകേണ്ടതുണ്ട്. ഇതിലേയ്ക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 1.02 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-02-104-97—യാചക കേന്ദ്രങ്ങൾ

യാചകരെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തെ കുടിശ്ശിക ഉൾപ്പെടെ ഗ്രാന്റ് നൽകുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്ത മായതിനാൽ 33.2 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-02-107-98—സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ—സഹായധനം

വയോജനങ്ങളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തെ കുടിശ്ശിക ഉൾപ്പെടെ ഗ്രാന്റ് നൽകുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2.5 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-60-200-72—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി

നിലവിലുള്ള 9246 ഗുണഭോക്താക്കൾക്ക് പ്രതിമാസം ധനസഹായം അനുവദിക്കാൻ ആവശ്യമായ തുകയും 2018-19 വർഷത്തിൽ സമാശ്വാസം പദ്ധതിയിൽ പ്രതീക്ഷിക്കുന്ന ഗുണഭോക്താക്കൾക്ക് നൽകേണ്ട ധനസഹായത്തിനും ബഡ്ജറ്റിൽ നിലവിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 13.3381 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-02-190-98—കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ ഭരണ ചെലവുകൾക്ക് പ്രതിവർഷം ഏകദേശം 150 ലക്ഷം രൂപയോളം ആവശ്യമായതിനാൽ 70 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

## വനിതാ ശിശു വികസന വകുപ്പ്

2235-02-001-89—വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള സാമൂഹ്യനീതി വകുപ്പ് ഓഫീസുകൾ, സ്ഥാപനങ്ങൾ തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങൾ എന്നിവയുടെ നിലവാരം മെച്ചപ്പെടുത്തൽ

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിലുള്ള സാമൂഹ്യ നീതി ഓഫീസുകളുടെയും, തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങളുടെയും നവീകരണം, ആധുനികവല്ക്കരണം എന്നിവയും നിലവിലുള്ള സാമൂഹ്യ നീതി ഓഫീസുകളിലും സ്ഥാപനങ്ങളിലും പ്രതിബന്ധമുക്ത പ്രവേശനം നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഇടങ്ങിയ പ്രവൃത്തികൾക്കും കൂടി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത മായതിനാൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-02-001-88—ഡിപ്പാർട്ടുമെന്റൽ ഓഫീസർമാർക്കുള്ള ഇൻസർവ്വീസ് ട്രെയിനിംഗ്

വനിതാ ശിശു വകുപ്പിലെ വിവിധ വിഭാഗത്തിലുള്ള 2755 ഉദ്യോഗസ്ഥർക്ക് ഇൻസർവ്വീസ് പരിശീലനം നൽകുന്നതിനായി 50 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-02-102-62—കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾക്ക് സാമൂഹ്യ മനഃശാസ്ത്ര സേവനം

സൈക്കോ സോഷ്യൽ സർവ്വീസസ് പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിക്കുന്നതിനും, സ്കൂളുകളിൽ കൗമാര പ്രായക്കാരായ വിദ്യാർത്ഥി, വിദ്യാർത്ഥിനികൾക്ക് കൗൺസിലിംഗും മാർഗ്ഗനിർദ്ദേശവും നൽകാനും നിയോഗിക്കുന്ന കൗൺസിലർമാർക്കുള്ള പ്രതിമാസ ഓണറേറിയം, ടി.എ, അടിസ്ഥാന സൗകര്യ വികസനം, സ്റ്റേഷനറി എന്നിവ നൽകുന്നതിനുമായി അധികമായി തുക വകയിരുത്തേണ്ടതായിട്ടുണ്ട്. ആയതിനാൽ ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-60-200-72-01—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി—ക്യാൻസർ ബാധിതരായ കുട്ടികൾക്കു വേണ്ടിയുള്ള സുരക്ഷാ പദ്ധതി

ക്യാൻസർ രോഗികളായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിച്ച് നടപ്പാക്കി വരുന്ന ക്യാൻസർ സുരക്ഷ പദ്ധതി പ്രകാരം പുതിയതായി എഴുനൂറോളം ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ നൽകേണ്ടതുണ്ട്. അതോടൊപ്പം മുൻകാലങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾക്ക് തുടർ ചികിത്സ നൽകുന്നതിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-60-200-72-03—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി—അവിവാഹിതരായ അമ്മമാരുടെയും അവരുടെ കുട്ടികളുടെയും പുനരധിവാസം (സ്നേഹ സ്പർശം)

അവിവാഹിതരായ അമ്മമാരെയും അവരുടെ കുട്ടികളെയും പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സ്നേഹ സ്പർശം എന്ന പദ്ധതിയുടെ ധനസഹായം 1,000 രൂപയിൽനിന്ന് 2,000 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ നിലവിലെ ഗുണഭോക്താക്കൾക്കും പുതുതായി പ്രതീക്ഷിക്കുന്ന ഗുണഭോക്താക്കൾക്കും നൽകുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3.152 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-60-200-72-05—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി—താലോലം പദ്ധതി

ജന്മനായുള്ള ഹൃദയ വൈകല്യങ്ങളാലും ജനിതക രോഗങ്ങളാലും മറ്റ് ഗുരുതര രോഗങ്ങളാലും കഷ്ടപ്പെടുന്ന 18 വയസ്സുവരെയുള്ള കുട്ടികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിക്കുന്ന താലോലം പദ്ധതി പ്രകാരം പ്രതിവർഷം പുതിയതായി 1200 ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനും മുൻകാലങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികൾക്ക് തുടർ ചികിത്സ നൽകുന്നതിനും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-60-200-72-11—കേരള സാമൂഹ്യ സുരക്ഷാ പദ്ധതി—സ്നേഹപൂർവ്വം

മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരും മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതിയിൽ, 2018-19 സാമ്പത്തിക വർഷത്തിൽ സർക്കാർ ഐ.ടി.ഐ./ പോളിടെക്നിക്കൽ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തിയതിനാലും, 2017-18 സാമ്പത്തിക വർഷത്തെ ബാക്കി ഗുണഭോക്താക്കൾക്ക് കൂടി ധനസഹായം അനുവദിക്കേണ്ടതിനാലും കൂടുതൽ തുക വകയിരുത്തേണ്ടത് ആവശ്യമാണെന്ന് സമിതി നിരീക്ഷിച്ചു ആയതിനാൽ ഈ ശീർഷകത്തിൽ 17 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-02-103-99—സാമൂഹ്യക്ഷേമ ബോർഡ് അംശദാനം

2014-15 വർഷത്തേയ്ക്ക് ബോർഡിന്റെ ഭരണ ചെലവുകൾക്കായി കേന്ദ്ര ബോർഡ് അംഗീകരിച്ച റിവൈസ്ഡ് ബജറ്റ് പ്രകാരം 6,74,000 രൂപയും, 2014-15 വർഷത്തിലും 2015-16 വർഷത്തിലും ബോർഡ് ചെയർപേഴ്സണ് ഓണറേറിയം നൽകിയ വകയിൽ ചെലവായ 3,84,000 രൂപയും ചേർത്ത് 10,58,000 രൂപ കുടിശ്ശികയിനത്തിൽ ബോർഡിന് ലഭിക്കാനുണ്ട്. അതോടൊപ്പം സാമൂഹ്യക്ഷേമ ബോർഡിന്റെ ഫൈനാൻസ് കമ്മിറ്റി അംഗീകരിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 2018-19 വർഷത്തെ സംസ്ഥാന വിഹിതമായി 1,22,39,681 രൂപയും ലഭിക്കേണ്ടതുണ്ട്. കൂടാതെ 2018-19 വർഷത്തിൽ ബോർഡ് ജീവനക്കാർക്കും പെൻഷൻകാർക്കും പത്താം ശമ്പള/പെൻഷൻ പരിഷ്കരണ കുടിശ്ശിക നൽകാനുള്ളതിനാൽ 2018-19 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ അധികമായി 45.52 ലക്ഷം രൂപ കൂടി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-02-104-99—<u>ശ്രീചിത്രഹോം സഹായധനം</u>

പേറിവിഷൻ പ്രകാരമുള്ള ശമ്പളം നൽകുന്നതിനും കോൺട്രാക്ട് സ്റ്റാഫിന് ശമ്പളം നൽകുന്നതിനും, കുട്ടികളുടെ താമസത്തിനുള്ള ബഹുനിലകെട്ടിടത്തിന്റെ ഭരണാനുമതി ലഭിച്ച പ്രോജക്ടിനും, പുതിയ കെട്ടിടത്തിനുമായി അധിക തുക വകയിരുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈ ശീർഷകത്തിൽ അധികമായി 12.48 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-02-102-53—<u>ചൈൽഡ് റൈറ്റ് കമ്മീഷൻ</u>

ചൈൽഡ് റൈറ്റ് കമ്മീഷന്റെ പോക്സോ ആർ.റ്റി.ഇ. ജുവനൈൽ ജസ്റ്റിസ് നിരീക്ഷണം എന്നീ വിവിധ പദ്ധതി പ്രവർത്തനത്തിനായി യാത്രാബത്ത ഇനത്തിൽ അധികമായി ഒരു ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു

2235-02-103-96—<u>വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം</u>

നിർദ്ധനരായ വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള ഈ പദ്ധതിയിൽ, വിവാഹ ധനസഹായം 20,000 രൂപയിൽനിന്ന് 30,000 രൂപയായി വർദ്ധിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ 2018-19-ലേയ്ക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 4792.20 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 4425 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. 2018-19-ലേയ്ക്ക് കുടിശ്ശിക കൂടാതെ വിതരണം ചെയ്യുന്നതിന് 36.72 കോടി രൂപ കൂടി ടി ശീർഷകത്തിലേയ്ക്ക് വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-02-190-99—<u>കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ</u>

ഷീ ടാക്സി പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതിനും സംരംഭകരുടെ വായ്പയുടെ പലിശയിനത്തിൽ സബ്സിഡി അനുവദിക്കുന്നതിലേക്കും, സാങ്കേതിക സംവിധാനം ഒരുക്കുന്നതിലേക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

## ആഭ്യന്തര വകുപ്പ്

2235-02-106-98—<u>ദുർഗുണ പരിഹാര പാഠശാല</u>

ദുർഗുണ പരിഹാര പാഠശാലയിലെ അന്തേവാസികളുടെ ബാഹുല്യം, മരുന്ന്, ചികിത്സാ ചെലവ് എന്നീ ഇനങ്ങളിൽ ഉണ്ടായ വില വർദ്ധനവ് എന്നിവ കണക്കിലെടുത്ത് "34 മറ്റ് ചെലവുകൾ" എന്ന ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

**പൊതുഭരണ വകുപ്പ്**

2235-02-800-81-31—മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ—സഹായ ധനം—ശമ്പളം

കമ്മീഷനിലെ മുഴുവൻ ജീവനക്കാരും നിയമിതരാകുന്ന വേളയിൽ വേതനം ഉൾപ്പെടെയുള്ള ശമ്പളം, മറ്റലവൻസുകൾ തുടങ്ങിയവയ്ക്കായി നിലവിലുള്ള വിഹിതം തീരെ അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.088 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

2235-02-800-81-36—മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ—സഹായ ധനം—ശമ്പളേതരം

കമ്മീഷന് വേണ്ടിയുള്ള മുഴുവൻ ജീവനക്കാരും നിയമിതരാകുന്ന വേളയിൽ ജീവനക്കാർക്കാവശ്യമായ കമ്പ്യൂട്ടർ, കരാർ വാഹനത്തിന്റെ ചെലവ്, വാടക, അവധി യാത്രാ സൗജന്യം, വെള്ളക്കരം, വൈദ്യുതി തുടങ്ങിയ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാകുമെന്നതിനാൽ 33.5 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

2235-60-107-98—സ്വാതന്ത്ര്യ സമര ഭടൻമാരുടെ അപേക്ഷകൾ പരിശോധിക്കുന്നതിനു വേണ്ടിയുള്ള സംസ്ഥാനതല ഉപദേശക സമിതി

സ്വാതന്ത്ര്യ സമര ഭടന്മാരുടെ അപേക്ഷകൾ പരിശോധിക്കുന്നതിനുവേണ്ടിയുള്ള സംസ്ഥാനതല/ജില്ലാതല അംഗങ്ങൾക്ക് യാത്രാബത്തയും ദിനബത്തയും നൽകുന്നതിനായി 14,000 രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്തു.

സമിതിയുടെ അടുത്ത് യോഗം ഫെബ്രുവരി മാസം 20-ാം തീയതി തിരുവനന്തപുരത്ത് വച്ച് ചേരുവാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.30-ന് അവസാനിച്ചു.

## 20-2-2018-ലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2018 ഫെബ്രുവരി മാസം 20-ാം തീയതി, ചൊവ്വാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുമായ

ശ്രീ. എ. കെ. ബാലന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ് ഒഫീഷ്യോ അംഗവും ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുമായ ശ്രീമതി കെ. കെ. ശൈലജ ടീച്ചറും ഹാജരായിരുന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗവും ഹാജരായി.

ഹാജരായ അംഗം :

ശ്രീ. സി. കെ. ശശീന്ദ്രൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

സമിതി, 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും താഴെപ്പറയുന്ന മാറ്റങ്ങളോടെ അംഗീകരിക്കുകയും ചെയ്തു:

## ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

### പിന്നോക്ക വിഭാഗ വികസന വകുപ്പ്

ഖണ്ഡിക നമ്പർ 16-ന്റെ ശീർഷകം "ഹരിജനങ്ങളിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്കായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ" എന്നത് "പട്ടികജാതി വിഭാഗങ്ങളിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർക്കായുള്ള സംസ്ഥാന വികസന കോർപ്പറേഷൻ" എന്ന് മാറ്റം വരുത്താൻ തീരുമാനിച്ചു

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

### സാമൂഹ്യനീതി വകുപ്പ്

33-ാമത്തെ ഖണ്ഡികയിലെ '52.854 കോടി രൂപ' എന്നത് '52.2854 കോടി രൂപ' എന്ന് മാറ്റം വരുത്താൻ തീരുമാനിച്ചു

**പൊതുഭരണ വകുപ്പ്**

സൈനികക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട 2235-60-200-82, 2235-60-200-71 എന്നീ ശീർഷകങ്ങൾ ധനാഭ്യർത്ഥന നമ്പർ XLVI, പരിഗണിക്കുന്ന സാമൂഹ്യസേവനം സംബന്ധിച്ച 13-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലുൾപ്പെടുത്തണമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തീരുമാനം ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ നിർദ്ദേശാനുസരണം ഉൾപ്പെടുത്തുകയും പ്രസ്തുത ശീർഷകങ്ങളിന്മേൽ സമിതി താഴെപ്പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു:

2235-60-200-82—<u>അവശതയനുഭവിക്കുന്ന രണ്ടാം ലോക മഹായുദ്ധ യോദ്ധാക്കൾക്ക് ധനസഹായം</u>

ബഡ്ജറ്റ് വിഹിതം : 6,28,86,000 രൂപ (നോൺ പ്ലാൻ)

രണ്ടാം ലോക മഹായുദ്ധ സേനാനികൾക്കും അവരുടെ വിധവകൾക്കും നൽകി വന്നിരുന്ന സാമ്പത്തിക സഹായം യഥാക്രമം 4,000 രൂപയിൽ നിന്നും 6000 രൂപയായും 2,500 രൂപയിൽനിന്നും 6,000 രൂപയായും വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടെന്നും, നിലവിൽ ജീവിച്ചിരിക്കുന്ന 262 രണ്ടാം ലോക മഹായുദ്ധ സേനാനികൾക്കും, 1527 വിധവകൾക്കും, ധനസഹായത്തിന് അപേക്ഷ നൽകാൻ സാധിക്കാത്ത 49 വിധവകളുമുണ്ടെന്ന് കണ്ടെത്തി അവർക്ക് കൂടി ധനസഹായം നൽകേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഇവർക്ക് 2019 മാർച്ച് മാസം വരെയുള്ള ധനസഹായം വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 6.5922 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2235-60-200-71—<u>ജവാൻമാർക്കുവേണ്ടിയുള്ള ക്രിസ്തുമസ്—ന്യൂ ഇയർ ബമ്പർ ലോട്ടറിയുടെ അറ്റാദായം ഫ്ളാഗ് ഡേ ഫണ്ട് അക്കൗണ്ടിലേയ്ക്കുള്ള റിലീസ്</u>

ബഡ്ജറ്റ് വിഹിതം : ഇല്ല.

Jai Jawan lottery യുടെ Net profit തുകയായ 12.97 കോടിയിൽ നിന്നും സൈനിക ക്ഷേമ വകുപ്പിന് 10.97 കോടി രൂപ ലഭിക്കാനുണ്ടെന്നും, Jai Jawan lottery യുടെ Net profit-ൽ നിന്നും തുക ലഭ്യമാകാത്തതിനാൽ നിലവിലുള്ള പദ്ധതികളിലായി നൽകി വരുന്ന വിവിധയിനം സാമ്പത്തിക സഹായം വർദ്ധിപ്പിക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്നും അതോടൊപ്പം പുതിയ സ്കീമുകൾ ഉൾപ്പെടുത്താനും സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 10.97 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

യോഗം രാവിലെ 11.50-ന് പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.